# തിന്മകളുടെ ദൂഷ്യഫലങ്ങൾ



ശൈഖ് ദുൽഫിഖാർ അഹ്മദ് നഖ്ശബന്ദി

പ്രസിദ്ധീകരണം
സയ്യിദ് ഹസനി അക്കാദമി
ഓച്ചിറ, കൊല്ലം, കേരള
www.thauba.com email: sayyidhasanioachira@gmail.com

﴿مَنْ يَعْمَلْ سُوءًا يُجْزَ بِهِ﴾

"ആരെങ്കിലും വല്ല തിന്മയും പ്രവർത്തിച്ചാൽ അതിന്റെ ഫലം അവന് നൽകപ്പെടുന്നതാണ്" (പരിശുദ്ധ ഖുർആൻ)

# തിന്മകളുടെ ദൂഷ്യഫലങ്ങൾ


**ശൈഖ് ദുൽഫിഖാർ അഹ്മദ് നഖ്ഷബന്ദി**

വിവർത്തനം
**ഹാഫിസ് തമീം ത്വാഹാ ഹസനി**



പ്രസിദ്ധീകരണം

**സയ്യിദ് ഹസനി അക്കാദമി**

ദാറുൽ ഉലൂം ഇസ്ലാമിയ്യ

ഓച്ചിറ, കൊല്ലം, കേരള

| | | |
|---|---|---|
| Title | : | THINMAKALUDE DOOSHYA BHALANGAL (MALAYALAM) |
| | : | GUNAHON KI NUQSANATH (URDU) |
| Author | : | Moulana Dulfiqar Ahmad Naqshabandi |
| Transalated by | : | Hafiz Thameem Thaha Hasani, Manappally |
| Publisher | : | Sayyid Hasani Academy<br>Darul Uloom Islamiyya<br>Oachira, Kollam, Kerala.<br>Mob: +91 9061 565 999 |
| Website | : | www.thauba.com |
| Email | : | sayyidhasanioachira@gmail.com |
| Book No. | : | 58 |
| Price | : | ₹ 25 |

# ഉള്ളടക്കം

**അദ്ധ്യായം - 1**

പാപം എന്നാലെന്ത്?

ജീവിതം എന്തുകൊണ്ട് ദുരിത പൂർണമാകുന്നു?

മോശമായ ചിന്തകളുടെ ദൂഷ്യങ്ങൾ

**അദ്ധ്യായം - 2**

**പാപങ്ങൾക്കുള്ള ശിക്ഷ - 3 രീതിയിൽ**

**ആദ്യത്തെ ശിക്ഷാ രീതി - നകീർ**

**രണ്ടാമത്തെ ശിക്ഷാ രീതി - തഅ്ഖീർ**

മൂന്നാമത്തെ ശിക്ഷാ രീതി - ഖുഫ്യത്തു-തദ്ബീർ

ശിക്ഷയിൽ നിന്ന് രക്ഷപെടാനുള്ള വഴി

**അദ്ധ്യായം - 3**

**ഹൃദയം ഇരുളടഞ്ഞുപോയതിന്റെ മൂന്ന് അടയാളങ്ങൾ**

ഹൃദയം പ്രകാശപൂരിതമായിരിക്കുന്നതിന്റെ അടയാളങ്ങൾ

അല്ലാഹുവിന്റെ താൽപര്യവും നമ്മുടെ താല്പര്യവും

ദുആ ചെയ്യുന്നതിന്റെ മര്യാദകൾ

ദുആ

**അദ്ധ്യായം - 4**

ഹറാമായ നോട്ടം - ദൂഷ്യങ്ങളും പ്രതിവിധികളും

# ബിസ്മില്ലാഹ്...

ആദരവായ റസൂലുല്ലാഹി (സ)യുടെ നിയോഗ ലക്ഷ്യം മൂന്നു കാര്യങ്ങളാണെന്ന് പരിശുദ്ധ ഖുർആൻ ആവർത്തിച്ചുണർത്തുന്നു. 1. ഖുർആൻ ശരീഫ് പാരായണം ചെയ്തുകൊണ്ടുള്ള പ്രബോധനം. 2. സംസ്കരണ ശുദ്ധീകരണങ്ങൾ. 3. ഖുർആൻ-സുന്നത്തുകളുടെ അദ്ധ്യാപനം. (ജുമുഅ, ബഖറ, അലുഇംറാൻ)

റസൂലുല്ലാഹി (സ) ഇവ മൂന്നും സമ്പൂർണ്ണമായ നിലയിൽ നിർവ്വഹിച്ചു. തൽഫലമായി നന്മ നിറഞ്ഞ മനസ്സുള്ളവരും ആഴമേറിയ അറിവുള്ളവരും ബാഹ്യ പ്രകടനങ്ങൾ കുറഞ്ഞവരുമായ ഒരു സമൂഹം നിലവിൽ വന്നു. അതെ, മഹാൻമാരായ സ്വഹാബത്ത് (റ). തുടർന്ന് സ്വഹാബാ മഹത്തുക്കൾ ഈ മൂന്നു പ്രവർത്തനങ്ങൾ നടത്തുകയും വലിയ ഫലങ്ങൾ ഉളവാകുകയും ചെയ്തു. ശേഷമുള്ള മഹത്തുകളും ഇതേ മാർഗ്ഗം സ്വീകരിച്ചു. ഇന്നുള്ളവരും ഇത് തുടരുന്നു. ലോകാവസാനം വരെ നിലനിൽക്കുകയും ചെയ്യും. ഇൻശാഅല്ലാഹ്!

ഈ വിഷയത്തിൽ ഇന്ന് ജീവിച്ചിരിക്കുന്ന മഹത്തുക്കളിൽ അല്ലാഹു വലിയ സ്വീകാര്യതയും തൗഫീഖും നൽകി അനുഗ്രഹിച്ച ഒരു വ്യക്തിത്വമാണ് മൗലാനാ ശൈഖ് ദുൽഫുഖാർ അഹ്മദ് നഖ്ഷബന്ദി. ലോകം മുഴുവൻ സഞ്ചരിച്ച് ഈ പ്രവർത്തനങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകുന്നു. ജനലക്ഷങ്ങൾ പശ്ചാത്തപിച്ച് നന്മയിലേക്ക് മുന്നിടുന്നു.

ശൈഖ് ഒരിക്കൽ ഉംറ നിർവ്വഹിച്ച ശേഷം ശിഷ്യരോട് നടത്തിയ വികാര നിർഭരമായ ഉപദേശവും ദുആയുമാണ് ഈ രചന. ഇതിലെ ഓരോ വാക്കുകളും മനസ്സിലേക്ക് ആഴ്ന്നിറങ്ങുന്നതായി മനസ്സിലാക്കാൻ സാധിക്കും. അല്ലാഹു ശൈഖിനെ അനുഗ്രഹിക്കട്ടെ. ദീർഘായുസ്സും ആഫിയത്തും നൽകട്ടെ.

പ്രിയ സഹോദരൻ ഹാഫിള് തമീം ത്വാഹാ ഹസനിയാണ് ഇത് മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തിയിരിക്കുന്നത്. അല്ലാഹു ഈ നവാഗതന് കൂടുതൽ ഹിമ്മത്തും തൗഫീഖും നൽകട്ടെ. നാമെല്ലാവർക്കും ആത്മ സംസ്കരണത്തിന്റെ പാതയിൽ സഞ്ചരിക്കാനും പടച്ചവന്റെ പ്രീതി പ്രാപിച്ച് പരലോക വിജയം കരസ്ഥമാക്കുവാനും സൗഭാഗ്യം നൽകട്ടെ.

**അബു ഉമാമ ഹസനി**
സയ്യിദ് ഹസനി അക്കാദമി.

# അദ്ധ്യായം - 1

## പാപം എന്നാൽ എന്ത്?

"ആരെങ്കിലും വല്ല തിന്മയും പ്രവർത്തിച്ചാൽ
അതിന്റെ ഫലം അവന് നൽകപ്പെടുന്നതാണ്"
(പരിശുദ്ധ ഖുർആൻ) (4:123)

അല്ലാഹുവിന്റെ കൽപ്പനകൾക്ക് എതിര് പ്രവർത്തിക്കലും വിശിഷ്യാ നബി (സ) യുടെ അനുഗ്രഹ ജീവിതരീതികളിൽ നിന്ന് വ്യതിചലിച്ചുള്ള എല്ലാ പ്രവർത്തനങ്ങളും തെറ്റാകുന്നു, പാപമാകുന്നു. മനുഷ്യൻ പാപം ചെയ്യുന്നത് കാരണമായി അല്ലാഹുവിന്റെ കോപത്തിന് പാത്രമാവുകയും ജീവിതാഭിവൃദ്ധിയും മനഃസമാധാനവും നഷ്ടമാവുകയും അവസാനം ജീവിത പരാജയം ഏറ്റുവാങ്ങി നരകത്തിലേക്ക് തള്ളപ്പെടുകയും ചെയ്യുന്നു.

എന്നാൽ ഒരു മനുഷ്യൻ നന്മ ചെയ്യുന്നത് കാരണമായി അവന് അല്ലാഹുവിന്റെ തൃപ്തിയും പൊരുത്തവും ലഭിക്കുന്നതോടൊപ്പം ജീവിതത്തിൽ അഭിവൃദ്ധിയും മനഃസമാധാനവും ഉണ്ടാകുന്നു. അപ്രകാരം ഉന്നത പാരത്രിക വിജയം കരസ്ഥമാക്കി നന്മകൾ അവനെ സ്വർഗീയ ആരാമങ്ങളിൽ കൊണ്ടുചെന്നെത്തിക്കുകയും ചെയ്യുന്നു.

ഒരു മരത്തിന് തന്റെ പഴങ്ങളുടെ എണ്ണവും ഭാരവും അറിയാൻ സാധിക്കാത്തത് പോലെ ഒരു മനുഷ്യനും തന്റെ പാപങ്ങളുടെ ആധിക്യവും കാഠിന്യതയും മനസിലാക്കാൻ സാധിക്കുകയില്ല. പിശാച് മനുഷ്യന് മുന്നിൽ പാപങ്ങളെ അഴകുള്ളതായി അലങ്കരിച്ച് കാണിക്കുന്നു. പാപങ്ങളെ ഇപ്രകാരം വർണാഭമായും ഹൃദയം കവരുന്നതായും പ്രദർശിപ്പിക്കുന്നത് കാരണത്താൽ തിന്മ പ്രവർത്തിക്കുന്നവന് അത് പ്രവർത്തിച്ചതിന് ശേഷം താൻ ചെയ്തത് തിന്മയായിരുന്നുവെന്ന് കൂടി മനസിലാക്കാൻ സാധിക്കാതെ പോകുന്നു. ഇനി തന്നിൽ നിന്നു തിന്മ നടന്നുപോയി എന്നു ചിന്തയുദിച്ചാൽ പോലും അത് മാപ്പാക്കപ്പെടുമെന്ന വ്യാമോഹത്തിൽ പാപങ്ങളെകുറിച്ച് വ്യസനമില്ലാത്തനായി കഴിഞ്ഞ് കൂടുന്നു. ഇത്തരം അപകടകരമായ അവസ്ഥയെക്കുറിച്ച് പടച്ച തമ്പുരാൻ പരിശുദ്ധ ഖുർആനിൽ വ്യക്തമായി മനസിലാക്കിത്തരുന്നു.

"പരമ കാരുണികന്റെ ഉത്ബോധനത്തിന്റെ നേർക്ക് ആരെങ്കിലും അന്ധത നടിക്കുന്ന പക്ഷം അവന് നാം ഒരു പിശാചിനെ ഏർപ്പെടുത്തിക്കൊടുക്കുന്നതാണ്. എന്നിട്ട് അവൻ (പിശാച്) അവന് കൂട്ടാളിയായിരിക്കും".

ഇത്തരം നിർഭാഗ്യവാൻമാർക്ക് അവരുടെ കൂട്ടാളിയായ പിശാച് പാപങ്ങളെ അലങ്കരിച്ച് കാട്ടുന്നതാണ്. മനുഷ്യനെ സംബന്ധിച്ചിടത്തോളം മറ്റുള്ളവരുടെ ചെറിയ ചെറിയ തെറ്റുകൾ പോലും വൻ പാപങ്ങളായി തോന്നും, എന്നാൽ തന്നിൽ നിന്നും സംഭവിക്കുന്ന വൻ പാപങ്ങളെല്ലാം തന്നെ ചെറു പാപങ്ങളായി മാത്രമേ സ്വന്തം കണ്ണിൽ പതിക്കുകയുള്ളൂ.

**പാപം ഒരു ക്യാൻസർ**

പാപങ്ങളെ ക്യാൻസറിനോട് ഉപമിക്കുന്നത് ഉചിതമാകും. ശരീരത്തിന്റെ ഏതെങ്കിലുമൊരു ഭാഗത്ത് ക്യാൻസർ ബാധിച്ചാൽ ഓപ്പറേഷൻ മൂലമോ അല്ലെങ്കിൽ മറ്റേതെങ്കിലും വിധത്തിലോ ബാധിക്കപ്പെട്ട ഭാഗത്തു നിന്നും ക്യാൻസറിന് കാരണമായ രോഗാണുക്കളെ നീക്കം ചെയ്യൽ മാത്രമാണ് രോഗശമനത്തിനുള്ള ഏക പരിഹാരം. അതു പോലെ പാപങ്ങൾക്കുള്ള ഒരേയൊരു മരുന്നു അതിനെ വേരോടെ പിഴുതെറിയുകയെന്നത് മാത്രമാണ്. ക്യാൻസർ ബാധിച്ച ശരീര ഭാഗത്തെ നീക്കം ചെയ്യാതെ അപ്രകാരം ഉപേക്ഷിച്ചാൽ അത് മറ്റ് ഭാഗങ്ങളേയും കാർന്ന് തിന്നുകയും ജീവൻ തന്നെ അപകടത്തിലാക്കുകയും ചെയ്യുന്നതാണ്. ഇത് പോലെ മനുഷ്യൻ താൻ ചെയ്യുന്ന പാപങ്ങളിൽ നിന്ന് ഒഴിവാകാതെ പാപ പങ്കിലമായ ജീവിതവുമായി മുന്നോട്ട് പോയാൽ അത് അവന്റെ ആത്മീയ പ്രകാശത്തിന്റെ തിരികളെ അണച്ചുകളയുകയും ആത്മാവ് അന്ധകാരനിബിഡമായി മൃതിയടയുന്നതുമാണ്.

**മെലിഞ്ഞ നൂലിൽ നിന്നും നങ്കൂരത്തിലേക്ക്!**

പ്രാരംഭത്തിൽ ഏർപ്പെടുന്ന തെറ്റുകൾ കട്ടിയില്ലാത്ത മൃദുവായ നൂൽ പോലെയാകുന്നു. അതിനെ ചെറിയ കുട്ടികൾക്ക് പോലും പൊട്ടിച്ചുകളയാൻ സാധിക്കുന്നതാണ്. എന്നാൽ തെറ്റുകൾ ആവർത്തിച്ചു കൊണ്ടിരുന്നാൽ കാലം ചെല്ലുന്തോറും അത് നങ്കൂരത്തെ പോലെ (Anchor of the Ship) ശക്തിയുള്ളതായിത്തീരുന്നതാണ്. എത്ര പടുകൂറ്റൻ കപ്പലായിരുന്നാലും നങ്കൂരമിട്ടാൽ അത് നിശ്ചലമാകുന്നതാണ്. അതേ പോലെ പാപങ്ങൾ അധികരിക്കുമ്പോൾ അവ മനുഷ്യഹൃദയങ്ങളിൽ നങ്കൂരങ്ങളെ പോലെ ഉറഞ്ഞു പോവുകയും നന്മകളിലേക്ക് നീങ്ങുന്നതിൽ നിന്നും അവനെ തടുക്കുകയും ചെയ്യുന്നതാണ്. ഈ സന്ദർഭ

ത്തിൽ പാപക്കുഴിയിൽ നിന്ന് കരകയറുന്നതിന് എത്ര പരിശ്രമിച്ചാലും അവന് അസാധ്യമായിത്തീരുന്നു. അതുകൊണ്ടുതന്നെ പാപങ്ങളിൽ നിന്നും കഴിയും വിധം ഓടിയകലേണ്ടത് അത്യന്താപേക്ഷിതമാണ്.

**പാപത്തിന്റെ പര്യവസാനം**

പടച്ചതമ്പുരാൻ താൻ സൃഷ്ടിച്ച എല്ലാ ഓരോ വസ്തുക്കൾക്കും ചില സവിശേഷഗുണം നൽകിയിരിക്കുന്നു. ഉദാഹരണമായി തീയുടെ സ്വഭാവം കരിക്കുകയെന്നുള്ളതാണ്. ലോകത്തിന്റെ ഏത് കോണിലായാലും ഏത് അവസ്ഥയിലായിരുന്നാലും അത് കരിക്കുക തന്നെ ചെയ്യുന്നതാണ്. അത് പോലെ മഞ്ഞിന്റെ സ്വഭാവം തണുപ്പിക്കുകയെന്നതാകുന്നു. ലോകത്തിന്റെ ഏത് കോണിലായാലും അത് തണുപ്പിക്കുക തന്നെ ചെയ്യുന്നതാണ്. വെള്ളത്തിന്റെ സ്വഭാവം നനയ്ക്കുക എന്നതാണ്. ഭൂമിയിലെവിടെയായിരുന്നാലും എപ്രകാരമായിരുന്നാലും അതിന്റെ ദ്രാവക ഗുണം കാണിക്കുന്നതാണ്.

അത്പോലെ തന്നെയാണ് പാപങ്ങളുടെ സ്വഭാവവും. അത് മനുഷ്യനെ മനഃസമാധാനമില്ലാത്തവനാക്കുന്നു. ലോകത്ത് എവിടെയായാലും ഏത് അവസ്ഥയിൽ കഴിഞ്ഞുകൂടിയാലും അതിന്റെ പര്യവസാനം മനുഷ്യന്റെ സ്വസ്ഥതയെ തകർത്ത് അവനിൽ അശാന്തിയുടെ കരിനിഴലുകൾ സൃഷ്ടിച്ച് ജീവിതത്തെ വെറുക്കുന്ന അവസ്ഥയിലേക്ക് കൊണ്ടു ചെന്നെത്തിക്കുകയെന്നതാണ്. വൻ പാപങ്ങളിൽ മുഴുകിക്കഴിയുന്നവൻ; അവൻ എത്ര സുഖ ലോലുപതയിൽ കഴിഞ്ഞുകൂടുന്നവനായാലും അവന്റെ പാപങ്ങൾ അവന്റെ മനഃസമാധാനത്തെ താറുമാറാക്കുക തന്നെ ചെയ്യുന്നതാണ്.

**മനഃസമാധാനം മാത്രം മിസ്സിംഗ്!**

നിങ്ങൾക്ക് ചില ധനാഢ്യന്മാരെ കാണാൻ സാധിക്കും. അവരുടെ പദവിയും പത്രാസും ആരേയും അമ്പരപ്പിക്കുന്ന തരത്തിലായിരിക്കും. വിലയുയർന്ന വാഹനങ്ങളുടെ അകമ്പടികൾ, സേവകരുടെ ആധിക്യം, തീൻ മേശകളിൽ വിവിധ തരത്തിലുള്ള ഭക്ഷ്യവിഭവങ്ങളുടെ പൊലിമകൾ. ടൈം പാസിന് (Time Pass) വേറെയും ഉയർന്ന ഏർപ്പാടുകൾ, ശീതീകരിച്ച മുറികൾ, മൃദുലമായ കിടക്കകൾ... ഇപ്രകാരം സുഖലോലുപതയുടെ സുഷുപ്തിയിൽ മുങ്ങിക്കഴിയുന്നവർക്ക് മനഃസമാധാനം മാത്രം മിസ്സിംഗ്!

ഇത്രയധികം സൗകര്യങ്ങളുണ്ടായിട്ടും അവർ ഉറക്കമില്ലാതെ രാത്രികൾ തള്ളിനീക്കിക്കൊണ്ടിരിക്കുന്നു. ഉറക്കഗുളികകൾ (Sleeping Pills) കഴിച്ച് ഉറങ്ങേണ്ട അവസ്ഥയിൽ അവർ ജീവിതം കഴിച്ചുകൂട്ടുന്നു.

സഹോദരൻമാരേ, എന്തുകൊണ്ടു അവർ ഈ അവസ്ഥ

കൾക്കടിമപ്പെടുന്നു. ബാഹ്യമായി അവർക്ക് യാതൊരു പ്രശ്നവുമി ല്ലല്ലോ? പാപാധിക്യത്താലാണ് അവർക്കീ ദുർഗതിയേർപ്പെടുന്നതെന്ന് നാം മനസിലാക്കണം. കാരണം പാപത്തിന്റെ ഭവിഷ്യത്തുകളും അതിന്റെ പര്യവസാനവും മനുഷ്യന്റെ മനഃസമാധാനത്തെ കെടുത്തു കയെന്നുള്ളതാകുന്നു.

**ജീവിതം എന്തുകൊണ്ട് ദുരിതപൂർണമാകുന്നു?**

ഇന്ന് ലോകത്തെ ഭൂരിഭാഗമാളുകളും മനഃസമാധാനമില്ലാതെ നെട്ടോട്ടമോടുന്നു. സാമ്പത്തികമായും, ജീവിത നിലവാരത്തിൽ ഉയർന്നു നിൽക്കുന്ന പാശ്ചാത്യ രാജ്യങ്ങളിലേതെങ്കിലുമൊരു രാജ്യത്ത് ചെന്ന് ജീവിതത്തെപ്പറ്റി ആരുടെയടുത്ത് വേണമെങ്കിലും ചോദിച്ചു കൊള്ളുക. അവർ Life is very difficult (ജീവിതം വളരെ ക്ലേശകരമാണ്) എന്നായിരിക്കും മറുപടി പറയുക. ആഭാസക്കൂത്തുകളും, ആട്ടവും പാട്ടു മായി രാത്രികളെ ഉന്മാദലഹരിയിൽ കഴിച്ചു കൂട്ടുന്നവർക്ക് എന്ത് കൊണ്ട് ജീവിതത്തോടുള്ള സമീപനം Life is very difficult ആയിപ്പോയി? ഇത്തരം കേളിക്കൂത്തുകളും അതിനെത്തുടർന്നുള്ള പാപങ്ങളും മൂലം അവരുടെ മനഃസമാധാനവും സ്വസ്ഥതയും കുഴിച്ച് മൂടപ്പെടുന്നു. ലോകത്ത് എവിടെയെല്ലാം പാപങ്ങൾ നടക്കുന്നുവോ, അവിടെ മനഃ സമാധാനവും, ശാന്തിയും അല്ലാഹു നീക്കിക്കളയുന്നുവെന്ന് നാം മന സ്സിലാക്കണം. എല്ലാ പാപങ്ങളോടൊപ്പവും ധാരാളം പ്രശ്നങ്ങളും ഒട്ടിയിരിക്കുന്നു. പാപിയായ മനുഷ്യൻ അവസാനം വരെ മനഃസമാ ധാനത്തോടും സ്വസ്ഥതയോടും കൂടി ജീവിക്കുന്നതായി ലോകത്തൊ രിടത്തും നമുക്ക് കാണാൻ സാധിക്കുകയില്ല.

**ഇന്നും അന്നും**

ഇന്നത്തെപ്പോലെ ആധുനിക സുഖ സൗകര്യങ്ങൾ നിറ ഞ്ഞൊരു ജീവിതം അന്നുണ്ടായിരുന്നില്ല. ഇന്ന് സാധാരണക്കാരന് [Middle class] ഉള്ള സൗകര്യങ്ങൾ പോലും അന്നത്തെ രാജാക്കൻമാർക്ക് ഇല്ലായിരുന്നു. ഇന്ന് പാവപ്പെട്ടവന്റെ വീട്ടിൽ പോലും വൈദ്യുതി ഉണ്ട്. എന്നാൽ അന്നത്തെ രാജാക്കൻമാരുടെ മണിമാളികകളിൽ പോലും മണ്ണെണ്ണ വിളക്കുകളാണ് എരിഞ്ഞിരുന്നത്. ഇന്ന് കാറ്റ് കൊള്ളു ന്നതിന് സ്വിച്ചിടുമ്പോൾ കറങ്ങുന്ന ഫാൻ, തണുത്ത വെള്ളം വേണ മെങ്കിൽ ഫ്രിഡ്ജ്, മുതലായ സൗകര്യങ്ങൾ ധാരാളം. എന്നാൽ അന്നത്തെ രാജാക്കൻമാർക്ക് കാറ്റ് കൊള്ളുന്നതിന് കൈവിശറിക ളെയും കുളിർന്ന വെള്ളം ലഭിക്കുന്നതിന് മൺപാത്രങ്ങളെയും ആശ്ര യിക്കുകയേവഴിയുണ്ടായിരുന്നുള്ളൂ.

## കാരണം തേടുന്നവർക്കിതാ മറുപടി

ഇന്ന് സാധാരണയായി ഒരു മനുഷ്യന് ബസിലോ കാറിലോ 50 കിലോമീറ്റർ ദൂരം ഒരു മണിക്കൂർ കൊണ്ട് എത്തിച്ചേരാൻ സാധിക്കുന്നു. എന്നാൽ അക്കാലത്തെ രാജാക്കന്മാർ തങ്ങളുടെ കുതിരകളേയും, ഒട്ടകങ്ങളേയും ഉപയോഗിച്ചിരുന്നത് കാരണമായി ഒരു നാട്ടിൽ നിന്ന് മറ്റൊരു നാട്ടിലേക്ക് യാത്ര ചെയ്യുന്നതിന് മാസങ്ങൾ നീണ്ട ക്ലേശമായ യാത്രകൾ ചെയ്യേണ്ടിവന്നിരുന്നു. ഇന്ന് ആധുനിക മനുഷ്യൻ 24 മണിക്കൂറിനുള്ളിൽ ലോകത്തിന്റെ ഒരു കോണിൽ നിന്നും മറ്റൊരു കോണിൽ എത്തിപ്പെടുന്നതിന് ശക്തിപ്രാപിച്ചിരിക്കുന്നു. ഇത്തരം ആധുനിക സംവിധാനങ്ങൾ അക്കാലത്ത് അവരുടെ ചിന്തകൾക്കതീതമായിരുന്നു. എന്നാൽ സഹോദരൻമാരേ; ഇന്ന് ആധുനിക മനുഷ്യൻ അനുഭവിക്കുന്ന പ്രശ്നങ്ങളുടെ നാലിലൊന്നു അക്കാലത്ത് ഉണ്ടായിരുന്നില്ല! ഇതെന്തുകൊണ്ടായിരുന്നു?

ഇന്നത്തെ ആധുനിക മനുഷ്യന്റെ നവീന പ്രശ്നങ്ങളുടെ കാരണങ്ങളെക്കുറിച്ച് അന്വേഷിച്ച് തലപുണ്ണാക്കുന്നവർ മനസിലാക്കിക്കൊള്ളട്ടെ. ഇന്ന് മനുഷ്യൻ മനോച്ഛകൾക്ക് അടിമപ്പെട്ട് അവൻ താന്തോന്നിയായി ജീവിതം കഴിച്ചു കൂട്ടുന്നു. അതിനാൽ ജീവിതത്തിൽ നിന്നും ഐശ്വര്യാഭിവൃദ്ധിയും മനസമാധാനവും ജീവിത പരിശുദ്ധിയും അവനിൽ നിന്ന് വിട പറഞ്ഞു. ആധുനിക മനുഷ്യന്റെ പ്രശ്നകലുഷിതമായ ജീവിതത്തിന്റെ കാരണം തേടുന്നവർ ഈ കാരണത്തെ മനസിലാക്കിക്കൊള്ളട്ടെ.

ഇന്ന് ജനങ്ങൾ സാമ്പത്തികമായി ഉയർന്ന നിലവാരം പുലർത്തുന്നു. എന്നാൽ പ്രശ്നങ്ങൾക്ക് ഉചിതമായ പരിഹാരം ലഭിക്കാതെ അവർ നെട്ടോട്ടമോടുന്നു. അപ്രകാരം ഇന്നൊരുവൻ തന്റെ പ്രശ്നങ്ങൾ എങ്ങനെയെങ്കിലും പരിഹരിക്കണമെന്ന ചിന്തയിൽ വീട്ടിൽ നിന്നും പുറപ്പെടുന്നു. എന്നാൽ പ്രശ്നപരിഹാരത്തിനുപരിയായി ഒന്നിനു പിറകെ ഒന്നായി പ്രശ്നങ്ങൾ അവനെ വേട്ടയാടുന്നു. പ്രശ്നങ്ങളിൽ അകപ്പെട്ട് അലമുറയിട്ട് കൊണ്ടിരിക്കുന്ന മനുഷ്യൻ മനഃസമാധാനത്തിനായി ദാഹിച്ചുകേണുകൊണ്ടിരിക്കുന്നു. ഒരു മുത്തുമാലയുടെ നൂൽ പൊട്ടിക്കപ്പെട്ടാൽ അതിലെ മുത്തുകൾ ഒന്നൊന്നായി വീഴുന്നത് പോലെ പ്രശ്നങ്ങളും ദുരിതങ്ങളും ഒന്നിന് പിറകെ ഒന്നൊന്നായി മനുഷ്യനെ പിടികൂടുമെന്ന് ഹദീസിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നത് ഇന്ന് യാഥാർത്ഥ്യമാകുന്നു.

"മനുഷ്യരുടെ കൈകൾ പ്രവർത്തിച്ചത് നിമിത്തം കരയിലും കടലിലും കുഴപ്പം വെളിപ്പെട്ടിരിക്കുന്നു. അവർ പ്രവർത്തിച്ചതിൽ ചില

തിന്റെ ഫലം അവർക്ക് ആസ്വദിപ്പിക്കുവാൻ വേണ്ടിയത്രെ അത്. അവൻ ഒരുവേള മടങ്ങിയേക്കാം" (30:41)

**മോശമായ ചിന്തകളുടെ ദൂഷ്യങ്ങൾ**

മനഃസമാധാനമില്ലായ്മ പോലുള്ള ദുഷിച്ച ഫലങ്ങൾ പാപങ്ങൾ മൂലം ഏർപ്പെടുന്നത് പോലെ മനുഷ്യമനസ്സിൽ രൂപപ്പെടുന്ന ദുഷിച്ച ചിന്തകളും പലവിധത്തിലുള്ള ഭവിഷ്യത്തുകൾ ഉണ്ടാക്കുന്നു. ഇതിന് ഒരു അഴകേറിയ ഉദാഹരണമുണ്ട്.

**രാജാവും മാതളച്ചാറും**

ഒരു സുൽത്താൻ കാട്ടിൽ വേട്ടയാടുവാൻ പോയി. കടുത്ത വേനലിൽ അദ്ദേഹം ദാഹപരവശനായിത്തീർന്നു. അപ്പോഴാണ് അടുത്തുള്ള ഒരു മാതളത്തോട്ടം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടത്. ഉടനേ തോട്ടത്തിൽ ചെന്ന് തോട്ടക്കാരനോട് തന്റെ ദാഹം ശമിപ്പിക്കുന്നതിന് കുറച്ച് വെള്ളമാവശ്യപ്പെട്ടു. തോട്ടക്കാരൻ ഒരേയൊരു മാതളപ്പഴത്തെ പിഴിഞ്ഞ് വലിയ ഒരു ഗ്ലാസ് നിറച്ച് മാതളച്ചാർ കൊടുത്തു. അതുവാങ്ങി കുടിച്ച് തന്റെ ദാഹം തീർത്ത സുൽത്താൻ അതിന്റെ രുചിയിൽ ആശ്ചര്യഭരിതനായി; അതുമാത്രമല്ല വെറും ഒരു മാതളപ്പഴത്തിൽ നിന്നും അത്രയധികം ചാറ് ലഭിച്ചതിലും സുൽത്താന് അതിശയോക്തി താങ്ങാൻ സാധിച്ചില്ല; ഉടനെ ഇപ്രകാരം രുചികരമായ പഴങ്ങൾ നിറഞ്ഞ മനോഹര തോട്ടത്തിന് അവകാശിയാകാൻ ഇയാളെക്കാളും യോഗ്യൻ ഈ നാടിന്റെ അധിപതിയായ താനല്ലയോ എന്നൊരു ദുഷിച്ച ചിന്ത മനസ്സിലുദിച്ചു. ഇപ്രകാരം ആലോചിച്ച് കൊണ്ട് ഒരു ഗ്ലാസ് കൂടി മാതളച്ചാർ ആവശ്യപ്പെട്ടു. അല്ലാഹുവിന്റെ ആ നല്ല അടിമ വീണ്ടും ചെന്ന് വേറൊരു മാതളപ്പഴം പിഴിഞ്ഞു. എന്നാൽ ആദ്യമെടുത്ത ഗ്ലാസിന്റെ കാൽ ഭാഗം മാത്രമേ നിറഞ്ഞുള്ളൂ. വീണ്ടും ഒരു പഴം കൂടി പിഴിഞ്ഞു. അപ്പോൾ ഗ്ലാസിന്റെ അരഭാഗത്ത് നിറഞ്ഞു. മൂന്നാമതൊരു പഴം പിഴിഞ്ഞപ്പോഴാണ് ഗ്ലാസ് നിറക്കുവാൻ സാധിച്ചത്. സുൽത്താൻ ഇതെല്ലാം വീക്ഷിക്കുന്നുണ്ടായിരുന്നു. അദ്ദേഹമത് വാങ്ങിക്കുടിച്ചതിന് ശേഷം അദ്യം പറിച്ച മരത്തിൽ നിന്നു തന്നെ പറിക്കാമായിരുന്നല്ലോ, അതിന് ഇതിനെക്കാളും ചാറും രുചിയും ഉണ്ടായിരുന്നു എന്ന് അഭിപ്രായപ്പെട്ടു. അപ്പോൾ തോട്ടക്കാരൻ പറഞ്ഞു. സുൽത്താൻ ഞാൻ ആദ്യം പറിച്ച മരത്തിൽ നിന്നു തന്നെയാണ് രണ്ടാമതും പറിച്ചത് അപ്പോൾ ആദ്യം പറിച്ച പഴത്തെപോലെ ചാർ അധികമില്ലായിരുന്നു. രുചിയും കുറവായിരുന്നു എന്ന് സുൽത്താൻ തന്റെ സങ്കടമറിയിച്ചപ്പോൾ തോട്ടക്കാരൻ ഒരു ചെറു നിശ്വാസത്തോടെ പറഞ്ഞു: സുൽത്താൻ താങ്കളുടെ മനസ്സിൽ ഏതോ മോശമായ ചിന്ത രൂപപ്പെട്ടത് കാരണമായി എന്റെ

തോട്ടത്തിലെ മരത്തിലുണ്ടായിരുന്ന ബറക്കത്തുകൾ നഷ്ടമായി. ഇത് കേട്ട് സ്തംബ്ധനായ സുൽത്താൻ പറഞ്ഞു: ശരിയാണ് സഹോദരാ, ആദ്യം ഞാൻ താങ്കളുടെ കൈയ്യിൽ നിന്നും പഴച്ചാർ വാങ്ങിക്കുടിക്കുമ്പോൾ ദാഹം തീരണമെന്ന ചിന്തമാത്രമേ എനിക്കുണ്ടായിരുന്നുള്ളൂ. അതിന് ശേഷം ഈ മനോഹരതോട്ടത്തിന്റെ സൗന്ദര്യത്തിൽ ആകൃഷ്ടനായി ഇത് എന്റേതായിത്തീരണമെന്നും ഇതിന്റെ അവകാശിയാകാനുള്ള യോഗ്യത എനിക്കാണെന്നുമുള്ള മോശമായ ചിന്ത എന്നിലുദിച്ചു. എന്റെ ഈ ദുഷ്ചിന്ത കാരണമായി അല്ലാഹു ഈ തോട്ടത്തിലെ ബറക്കത്തുകൾ നീക്കിക്കളഞ്ഞതാകാം.

സഹോദരന്മാരേ, ഒരു മനുഷ്യന്റെ ഈ ചെറിയ മനംമാറ്റം ഇത്രയധികം പ്രതിഫലനങ്ങളുളവാക്കിയെങ്കിൽ ഇന്ന് ഓരോ മനുഷ്യരിലും കുടികൊണ്ടിരിക്കുന്ന ദുഷ്ചിന്തകളും അത്യാഗ്രഹവും വഞ്ചനയും എത്ര വലിയ വിപത്തുകൾ സൃഷ്ടിച്ചു കൊണ്ടിരിക്കുന്നുവെന്നത് നാമിന്ന് കണ്ടുകൊണ്ടിരിക്കുന്നു. ഓരോരുത്തരും മറ്റുള്ളവരുടെ സമ്പാദ്യങ്ങളെ അപഹരിക്കുന്നതിനും വഞ്ചിക്കുന്നതിനും തക്കം പാർത്തുകൊണ്ടിരിക്കുന്നു. ഇങ്ങനെയുള്ള മലിനമായ സാഹചര്യത്തിൽ എവിടെനിന്നും സമാധാനം ലഭിക്കും? എങ്ങനെ നമുക്ക് ജീവിതത്തിൽ ഐശ്വര്യവും അഭിവൃദ്ധിയുമുണ്ടാകും?

**അല്ലാഹുവിന്റെ നീതി**

നമ്മുടെ സഹോദരൻമാർ അവർക്കിടയിൽ വ്യാപാരവും കൊടുക്കൽ വാങ്ങലുകളും നടത്തിപ്പോരുന്നു. എന്നാൽ ദൗർഭാഗ്യമെന്ന് പറയട്ടെ ഒരു മുസ്ലിമിന് തന്റെ മുസ്ലിം സഹോദരന്റെ മേൽ യാതൊരു വിശ്വാസവും ഏർപ്പെടുന്നില്ല. ചിലർ പണത്തെ വളരെ സന്തോഷത്തോടെ മറ്റുള്ളവരിൽ നിന്നും വാങ്ങുന്നു. എന്നാൽ കൊടുത്ത പണം തിരിച്ച് ചോദിക്കുന്ന സന്ദർഭത്തിൽ ഇന്ന് തരാം, നാളെ തരാം എന്ന് പറഞ്ഞ് കബളിപ്പിക്കുന്നു. മറ്റുചില ഒഴിവുകഴിവുകൾ പറഞ്ഞ് ഒളിഞ്ഞ് കളിക്കുന്നു. ഇക്കാലത്ത് ആരുടെയടുത്തെങ്കിലും ഒരു വസ്തു കൊടുത്തു നോക്കൂ, അപ്പോൾ ഓരോരുത്തുടേയും യഥാർത്ഥ അവസ്ഥ മനസിലാക്കാൻ സാധിക്കുന്നതാണ്.

ഇപ്രകാരം ദുഷ്ചിന്തകളും വഞ്ചനാമനോഭാവവും നിറഞ്ഞ ജീവിതങ്ങളിൽ മനസമാധാനം എപ്രകാരം ലഭിക്കും. ആയതിനാൽ ആര് തിന്മ പ്രവർത്തിക്കുന്നുവോ, അവർ അതിന്റെ പ്രതിഫലം അനുഭവിച്ച് കൊള്ളുക. ഇത് ലോകരക്ഷിതാവിന്റെ നിയമമാകുന്നു. ചൂഷണവും വഞ്ചനയും മുഖമുദ്രയാക്കിയ ഈ ആധുനിക സമൂഹം പടച്ചതമ്പരാന്റെ ഈ നിയമത്തിന്റെ ഭവിഷ്യത്തുകൾ ഇന്ന് അനുഭവിച്ച്

കൊണ്ടിരിക്കുന്നു.

സഹോദരൻമാരേ, ഈ നിയമത്തിന്റെ വക്താവായ അല്ലാഹു ബലഹീനനല്ല, ആരിലേക്കും ആവശ്യക്കാരനുമല്ല, അവന്റെ അധികാര ശക്തി എത്രത്തോളമെന്നാൽ അവൻ ഏർപ്പെടുത്തിയ നിയമങ്ങളെ ലോകം മുഴുവനും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. അപ്രകാരം സർവ്വ വസ്തുക്കളുടേയും സൃഷ്ടി പരിപാലകനായ അല്ലാഹു പറയുന്നു. "ആര് തിന്മ പ്രവർത്തിച്ചാലും അതിനുള്ള പ്രതിഫലം അവന് നൽകപ്പെടും" (4:123)

# അദ്ധ്യായം - 2

## പാപങ്ങൾക്കുള്ള ശിക്ഷ - 3 വിധത്തിൽ

### ആദ്യത്തെ ശിക്ഷാ രീതി - നകീർ

ഒരു മനുഷ്യന് തന്റെ പാപങ്ങൾക്കുള്ള ശിക്ഷ താഴെ പ്രതിപാദിക്കുന്ന മൂന്ന് വിധത്തിൽ നിന്ന് ഏതെങ്കിലുമൊരു രൂപത്തിൽ വന്നു ചേരുന്നതാണ്.

ആദ്യത്തേത്, പാപങ്ങൾക്കുള്ള ശിക്ഷ അല്ലാഹു ഉടനെ നൽകുന്ന രീതിയാണ്. ഇതിനെ 'നകീർ' എന്ന് പറയപ്പെടും. നകീർ എന്നാൽ ഉടനടി പരിഹാരം എന്നർത്ഥം. അതായത് അല്ലാഹുവിൽ നിന്നും പാപത്തിനുള്ള ശിക്ഷ ഉടനടി ലഭിക്കുന്നതാണ്. ഇതിലേക്ക് വെളിച്ചം വീശുന്ന ഒരു കഥ കൂടി ഇവിടെ ചേർക്കുന്നു.

### പാൽക്കാരനും കുരങ്ങും

ഒരു പാൽ വ്യാപാരിക്ക് താൻ ദിവസേന വിതരണം ചെയ്യുന്ന പാലിൽ കുറവ് അനുഭവപ്പെട്ടു. പതിവുകാർക്ക് കൊടുക്കാൻ സാധിക്കുന്നില്ലെന്ന് മനസിലാക്കിയപ്പോൾ പാലിൽ വെള്ളം ചേർത്ത് വിൽക്കാൻ തീരുമാനിച്ചു. അപ്രകാരം അന്നു ലഭിച്ച പാലിൽ അത്ര തന്നെ വെള്ളവും ചേർത്ത് പാൽക്ഷാമം പരിഹരിച്ചു. ലാഭമായി രണ്ട് മടങ്ങ് അധികവും ലഭിച്ചു. അതിനാൽ തന്നെ വളരെയധികം സന്തോഷവാനായി അയാൾ വീട്ടിലേക്ക് തിരിച്ചു. വഴിയിൽ വിശ്രമിക്കുന്നതിനായി ഒരു മരത്തണലിൽ അല്പനേരം കിടന്നു. തന്റെ ഷർട്ട് ആ മരത്തിന്റെ ചില്ലയിൽ തൂക്കിയിടുകയും ചെയ്തു. ഈ തക്കം നോക്കി മരത്തിലിരുന്ന ഒരു കുരങ്ങൻ അയാളുടെ പണമടങ്ങിയ പേഴ്സും ഷർട്ടും കൈക്കലാക്കി.

കുറച്ച് നേരത്തിന് ശേഷം പാൽക്കാരൻ എഴുന്നേറ്റ് നോക്കിയപ്പോൾ തന്റെ ഷർട്ടും പേഴ്സും കുരങ്ങന്റെ കയ്യിലിരിക്കുന്ന കാഴ്ചയാണ് കണ്ടത്. തന്റെ അന്നത്തെ മുഴുവൻ സമ്പാദ്യവുമായി ആ കുരങ്ങ് തന്നെ നോക്കി പരിഹസിക്കുന്നതായി അയാൾക്ക് തോന്നി. ഉടനെ അയാൾ കുരങ്ങന്റെ നേരെ തിരിഞ്ഞ് അതിന്റെ കൈയ്യിലിരിക്കുന്നത് തുക്കിയെറിയുന്നതിന് ആംഗ്യം കാണിച്ചു. എന്നിട്ട് ഒരു വിരിപ്പ് തറയിൽ വിരിക്കുകയും ചെയ്തു.

പണത്തെപ്പറ്റി വളരെ ചിന്താകുലനായി നിൽക്കുമ്പോൾ കുരങ്ങ് പതുക്കെ പേഴ്സ് തുറന്നു. അയാൾ വളരെ ഭയത്തോടും തെല്ല് ജിജ്ഞാ

സയോടും കൂടി കുരങ്ങ് എന്ത് ചെയ്യാൻ പോകുന്നുവെന്ന് നോക്കി നിന്നു. അപ്പോൾ കുരങ്ങ് പേഴ്സിൽ നിന്നും ഒരു നോട്ടെടുത്തു അയാളുടെ വിരിപ്പിലേക്ക് ഇട്ടുകൊടുത്തു. അടുത്ത നോട്ടെടുത്ത് ചുരുട്ടി അടുത്തുള്ള നദിയിലേക്ക് വലിച്ചെറിയുകയും ചെയ്തു. വീണ്ടും ഒരു നോട്ടെടുത്ത് പാൽക്കാരന്റെ വിരിപ്പിലേക്കും മറ്റൊന്ന് നദിയിലേക്കും ചുരുട്ടിയെറിഞ്ഞു. ഇപ്രകാരം പേഴ്സ് കാലിയാകുന്നത് വരെ കുരങ്ങൻ ചെയ്തുകൊണ്ടിരുന്നു. ഒരു നോട്ടെടുത്ത് താഴെ പാൽക്കാരന്റെ വിരിപ്പിലും മറ്റൊന്ന് നദിയിലേക്ക് വലിച്ചെറിയും. പകുതി കാശ് അയാളുടെ വിരിപ്പിൽ പകുതി നദിയിൽ. ഇപ്പോൾ അയാൾക്ക് തന്റെ തെറ്റ് മനസിലായി. ഈ കുരങ്ങൻ മൂലം അല്ലാഹു തന്നെ പാഠം പഠിപ്പിക്കുകയായിരുന്നുവെന്ന് തിരിച്ചറിഞ്ഞ അയാൾ ഉടനെ തൗബ ചെയ്തു. യാ അല്ലാഹ് ഇനി ഒരിക്കലും ഞാൻ ആരെയും കബളിപ്പിച്ച് പണം സമ്പാദിക്കുകയില്ല. രക്ഷിതാവേ, എനിക്ക് നീ പൊറുത്ത് തരേണമേ.

**പാപവും ബറക്കത്തില്ലായ്മയും**

അന്യായമായി സമ്പാദിച്ച പണം കയ്യിൽ വന്ന വേഗത്തിൽ തന്നെ പ്രയോജന രഹിതമായി നഷ്ടമാകും. പാപങ്ങൾ മൂലം നമുക്ക് സംഭവിക്കുന്ന വിപത്തുകളിൽ വളരെ അപകടകരമായത് സമാധാനമില്ലായ്മയും ബറക്കത്തില്ലായ്മയുമാണ്. പാപങ്ങൾ മനുഷ്യനെ ഓരോ നിമിഷവും പ്രശ്നങ്ങളിൽ ആഴ്ത്തി വിടുന്നു. ജീവിതത്തിൽ ബറക്കത്തില്ലാതെ പോകുന്നതിനാൽ നമ്മുടെ ജീവിത ആവശ്യങ്ങൾ നിറവേറാതെ അസ്വസ്ഥത വ്യാപിച്ച് ജീവിതം ദുഷ്കരമായിത്തീരുന്നു.

ഇന്ന് മനുഷ്യന് സമ്പാദ്യ സ്രോതസ്സുകൾ നിരവധിയാണ്. എന്നാൽ അവകളെ കൊണ്ട് പരിപൂർണ്ണ തൃപ്തിയടയുന്നതിലും പ്രയോജനം സിദ്ധിക്കുന്നതിലും അവൻ പരാജിതനാണ്. സമ്പാദിക്കുന്ന പണം എവിടെപ്പോയെന്ന് അറിയുന്നില്ലായെന്ന് അവൻ പുലമ്പിക്കൊണ്ടിരിക്കുന്നു. ഹാ, പണം വരുന്നത് മാത്രമറിയാം. എവിടെപ്പോകുന്നുവെന്ന് ഒരു തിട്ടവുമില്ല എന്ന് പലരും പരിതപിക്കുന്നത് നാം ദിവസേന കേട്ടുകൊണ്ടിരിക്കുന്നു.

ഈ പുലമ്പലുകൾക്കും പരിവേദനകൾക്കുമെല്ലാം കാരണം അല്ലാഹു സമ്പാദ്യത്തിൽ നിന്നും ബറക്കത്ത് നീക്കിയതിനാലാണ് എന്ന് നാം മനസിലാക്കണം. എന്റെ യൂറോപ്പ് പര്യടന വേളയിൽ ഈ അവസ്ഥ നേരിട്ട് കണ്ട് മനസിലാക്കാൻ സാധിച്ചു. അവിടെ ഒരു വീട്ടിൽ എല്ലാവരും സമ്പാദിക്കുന്നു. എന്നിരുന്നാലും അവരുടെ ചെലവുകൾ പൂർത്തീകരിക്കുന്നതിന് അവരുടെ സമ്പാദ്യങ്ങൾ മതിയാകുന്നില്ല. സഹോദരൻമാരേ, ഈ അവസ്ഥ എന്ത്കൊണ്ട് സംജാതമാകുന്നു?

ഇതിനെയാണ് 'ബറക്കത്തില്ലായ്മ' എന്ന് പറയുന്നത്. രിസ്ക്കിൽ (ഉപജീവനം) നിന്നും അല്ലാഹു ബറക്കത്തിനെ നീക്കി കളയുന്നു.

**സ്വഹാബിയുടെ 'ബില്ലും' നമ്മുടെ 'ബില്ലും'**

ഒരു സ്വഹാബി (റ) പ്രഭാത കൃത്യനിർവ്വഹണത്തിനായി പുറത്ത് പോയി. കൃത്യനിർവ്വണത്തിന് ശേഷം എഴുന്നേൽക്കുമ്പോൾ അദ്ദേഹം മണ്ണിൽ ഒരു ചെറിയ കുഴി കണ്ടു. ഉർദുവിൽ അതിന് 'ബില്ല്' (എലിയുടെ മാളം) എന്ന് പറയും. പെട്ടെന്ന് അതിൽ നിന്ന് ഒരു എലി വായിൽ ഒരു സ്വർണനാണയവുമായി വെളിയിൽ വന്നു. സ്വർണനാണയം പുറത്ത് ഇട്ടതിന് ശേഷം വീണ്ടും ഉള്ളിലേക്ക് പോയി. പിന്നെയും ഒരു സ്വർണനാണയവുമായി വരുകയും ആദ്യത്തേത് പോലെ വെളിയിൽ നിക്ഷേപിക്കുകയും ചെയ്തു. അപ്രകാരം 70 സ്വർണനാണയങ്ങൾ ആ എലി സഹാബിയുടെ മുന്നിൽ കൊണ്ടിടുകയുണ്ടായി.

ഏത് കാര്യവും നബി (സ) യുടെ മാർഗദർശത്തിന്റെ അടിസ്ഥാനത്തിൽ മാത്രം പ്രവർത്തിക്കുന്നവരായിരുന്നു സഹാബക്കൾ (റ). അതുകൊണ്ട് തന്നെ ആ സ്വഹാബി സ്വർണനാണയങ്ങൾ എടുത്ത് തങ്ങൾ (സ)യുടെ സന്നിധിയിൽ ഹാജരായി നടന്ന വിഷയത്തെ ബോധിപ്പിച്ചു. എന്നിട്ട്, അല്ലാഹുവിന്റെ റസൂലേ (സ), ഈ സ്വർണ നാണയങ്ങൾ എനിക്കനുവദനീയമാണോ? ഞാൻ ഇത് എന്തുചെയ്യണമെന്ന് ചോദിച്ചു. അപ്പോൾ തങ്ങൾ (സ) മറുപടി പറഞ്ഞു. "ഇത് താങ്കൾക്കുള്ള രിസ്ഖാകുന്നു. താങ്കളുടെ രിസ്ഖ് അല്ലാഹു തആല അവന്റെ സൃഷ്ടികൾ മൂലമായി താങ്കൾക്ക് എത്തിച്ചു തന്നിരിക്കുന്നു".

ഹദീസിൽ വന്നിട്ടുള്ള ഈ സംഭവത്തെക്കുറിച്ച് ഞാൻ ഓർക്കുമ്പോഴെല്ലാം വളരെ അത്ഭുതപ്പെടാറുണ്ട്. യാ അല്ലാഹ്, സ്വഹാബാക്കളുടെ ഉയർന്ന ജീവിതവും നമ്മുടെ ജീവിതവും തമ്മിൽ രാപ്പകലുകളുടെ അന്തരമുണ്ടല്ലോ? അവർക്ക് 'ബില്ല്' (എലിയുടെ മാളം) കളിൽ നിന്ന് വരെ ഉപജീവനം ലഭിക്കുന്നു. എന്നാൽ നമ്മുടെ അവസ്ഥയെന്താണ്? മാസം മുഴുവനും കഷ്ടപ്പെട്ട് സമ്പാദിച്ച പണം മുഴുവനും ബില്ലുകളായിട്ട് ചിലവായിപ്പോകുന്നു. കരണ്ട് ബില്ല്, ടെലഫോൺ ബില്ല്, ഇൻഷുറൻസ് ബില്ല്, ഇപ്രകാരം ബില്ല്, ബില്ലുകളായി അടച്ച് നമ്മുടെ ദിൽ (ഹൃദയം) അസ്വസ്ഥമാകുന്നു. കഷ്ടങ്ങളും പ്രയാസങ്ങളും ഒന്നൊന്നായി ജീവിതത്തെ കാർന്ന് തിന്നുകൊണ്ടിരിക്കുന്നു. ജീവിതത്തിൽ ബറക്കത്ത് നഷ്ടമാകുന്നു.

നമ്മുടെ ജീവിതങ്ങളിൽ ബറക്കത്ത് ഉണ്ടാകുന്നതിന് നാം തിന്മ

കളിൽ നിന്ന് പരിപൂർണ്ണമായി അകന്ന് നിൽക്കുകയേ വഴിയുള്ളൂ. ഇപ്രകാരം തിന്മകളിൽ നിന്ന് വിദൂരമായിരുന്നാൽ പ്രശ്നകലുഷിതമായ ജീവിതത്തിൽ നിന്ന് നമുക്ക് മോക്ഷം ലഭിക്കുന്നതാണ്.

ഇനി നാം വീണ്ടും വീണ്ടും പാപങ്ങളിൽ മുഴുകിക്കഴിഞ്ഞാൽ ബറക്കത്തില്ലായ്മ നമ്മുടെ ജീവിതങ്ങളിൽ കരിനിഴൽ വീഴ്ത്തും. ശേഷം നാം വീണ്ടും പ്രശ്നങ്ങളുടെ പേരിൽ പുലമ്പിക്കൊണ്ടിരിക്കേണ്ട അവസ്ഥയുണ്ടാകും. നമ്മൾ എത്രയധികം സമ്പാദിച്ചാലും നമ്മുടെ ആവശ്യങ്ങളെ അല്ലാഹു റബ്ബറ് പോലെ വലിച്ച് നീട്ടിക്കൊണ്ടുപോകും. നമ്മുടെ ആവശ്യങ്ങൾ ഒരിക്കലും പൂർത്തീകരിക്കാൻ സാധിക്കുകയില്ല. ഇതിന് ഒരേയൊരു പരിഹാരം പാപരഹിതമായ ജീവിതം മൂലം നമ്മുടെ ജീവിതത്തിൽ-ഉപജീവനത്തിൽ ബറക്കത്ത് ഉണ്ടാക്കലാകുന്നു.

**ബറക്കത്ത് എന്നാലെന്ത്?**

ബറക്കത്ത് (അഭിവൃദ്ധി) എന്നാൽ തനിക്ക് അല്ലാഹു നല്കിയ ജീവിത വിഭവങ്ങൾ കൊണ്ട് (അതെത്ര കുറവായിരുന്നാലും, കൂടുതലായിരുന്നാലും) തന്റെ മുഴുവൻ ആവശ്യങ്ങളും മറ്റുള്ളവരുടെ സഹായങ്ങളില്ലാതെ പൂർത്തീകരിക്കാൻ സാധിക്കലാകുന്നു. ഇപ്രകാരം ഒരുവന് തനിക്കുള്ളത് കൊണ്ട് തന്നെ തന്റെ ആവശ്യങ്ങൾ മുഴുവനും പൂർത്തീകരിക്കാൻ സാധിക്കുന്നുവെങ്കിൽ അവന്റെ ജീവിതത്തിൽ ബറക്കത്തുണ്ട് എന്ന് മനസിലാക്കാം.

**ഒരു സഹോദരിയുടെ പരാതി**

ഒരു ദിവസം ഈ വിനീതൻ (മൗലാനാ ദുൽഫിഖാർ അഹ്മദ് നഖ്ഷബന്ദി) ചില സഹോദരന്മാരോടൊപ്പം മുറാഖബയിൽ ഇരിക്കുമ്പോൾ വീടിനുള്ളിൽ നിന്ന് താൻ അത്യാവശ്യമായി ഉള്ളിലേക്ക് വരണമെന്ന് അറിയിച്ചു. ഒരു സഹോദരി തന്നെ കാണാൻ വന്നിരിക്കുന്നുവെന്നും അവൾ ഏതോ ധർമ്മസങ്കടത്തിലാണെന്നും അവൾ കരഞ്ഞു കൊണ്ടിരിക്കുന്നതായും, ഉറക്കമില്ലായ്മ മൂലം അവൾ വളരെ ക്ഷീണിതയായിരിക്കുന്നുവെന്നും അറിയിച്ചു. ഞാൻ വീട്ടിനുള്ളിൽ പ്രവേശിച്ച് അവളെ മറക്ക് പിന്നിൽ ഇരുത്തിയ ശേഷം ചോദിച്ചു. സഹോദരീ, നിന്റെ പ്രശ്നമെന്താണ്? നിന്റെ ഈ പരതാപനിലക്ക് എന്താണ് കാരണം?

എന്റെ ചോദ്യം കേട്ട ശേഷം വിതുമ്പലോടെ അവൾ അവളുടെ അവസ്ഥകളെക്കുറിച്ച് പറയാൻ ആരംഭിച്ചു. 'ഉസ്താദേ, ഞാൻ ഒരു വലിയ നഗരത്തിൽ നിന്നും വരുകയാണ്. എന്റെ ഭർത്താവ് സാമ്പത്തികമായി ഉയർന്ന നിലയിലുള്ള ആളും ധാരാളം കമ്പനികളുടെ ചെയർമാനുമാണ്. ബന്ധുക്കളായിരുന്നിട്ടും പരസ്പരം ഇഷ്ടപ്പെട്ടുതന്നെയാണ്

വിവാഹം കഴിച്ചത്. വീട്ടിൽ എനിക്ക് യാതൊരു ബുദ്ധിമുട്ടുമില്ല. പാചകത്തിന്, മറ്റ് വീട്ടു ജോലികൾക്ക്, സെക്യൂരിറ്റിക്ക്, അങ്ങനെ എല്ലാത്തിനും ഭർത്താവ് ആളുകളെ നിയമിച്ചിട്ടുണ്ട്. ഭർത്താവ് വളരെ സന്തോഷത്തോടും സർവ്വവിധ സുഖങ്ങളും തന്ന് എന്നെ പരിപാലിക്കുന്നു. എന്നാൽ കല്യാണം കഴിഞ്ഞ് 7 വർഷമായിട്ടും ഞങ്ങൾക്ക് സന്താന ഭാഗ്യം ലഭിച്ചിട്ടില്ല. എന്നാൽ എന്റെ പ്രശ്നത്തിന്റെ കാരണം ഇതല്ല. എന്റെ വിഷയത്തിൽ ഭർത്താവും അദ്ദേഹത്തിൽ ഞാനും പൂർണ്ണ തൃപ്തരാണ്. കുട്ടികളെ അല്ലാഹു വിചാരിക്കുമ്പോൾ ഇൻഷാ അല്ലാഹ് നൽകും'.

ഇത് മുഴുവൻ കേട്ടതിന് ശേഷം ഞാൻ ആശ്ചര്യത്തോടെ ചോദിച്ചു. സഹോദരീ, അപ്പോൾ നിന്റെ പ്രശ്നമെന്താണ്? അപ്പോൾ അവൾ തെല്ലൊരു മൗനത്തിന് ശേഷം പറഞ്ഞു. ഉസ്താദേ, എന്റെ ഭർത്താവ് എല്ലാ മാസവും എന്റെ ചെലവിന് 2000 ഡോളർ (ഏകദേശം 93,000 രൂപ) എനിക്ക് ചെലവിന് നൽകിക്കൊണ്ടിരിക്കുന്നു. എന്നാൽ എന്റെ ആവശ്യങ്ങൾ അതുകൊണ്ട് പൂർത്തീകരിക്കാൻ സാധിക്കുന്നില്ല. ഇത്രയധികം പണമുണ്ടായിട്ടും എനിക്ക് തൃപ്തിയാകുന്നില്ല. ഇതെന്തുകൊണ്ടാണ്? എന്ന് പറഞ്ഞ് കരയാൻ ആരംഭിച്ചു.

അവളുടെ ഈ പ്രശ്നം കേട്ട് ഞാൻ ആലോചിച്ചു. യാ അല്ലാഹ് ഭർത്താവിന്റെ കീഴിൽ കഴിയുന്ന മറ്റു ബാധ്യതകൾ ഒന്നുമില്ലാത്ത ഒരു പെണ്ണിന് 2000 ഡോളർ മതിയാകുന്നില്ലെന്നോ! അവൾ കരച്ചിലടക്കിയപ്പോൾ ഞാൻ പറഞ്ഞു. സഹോദരീ, നിങ്ങൾ ഇഷ്ടപ്പെടുകയാണെങ്കിൽ ഇതിന് ഞാൻ പരിഹാരം പറഞ്ഞു തരാം. അതിന് അവൾ സന്തോഷഭരിതയായി ഉറപ്പായും പറഞ്ഞുതരണമെന്ന് പറഞ്ഞു. ഞാൻ തുടർന്നു. സഹോദരീ നിനക്ക് നിന്റെ ഭർത്താവ് നല്കുന്ന പണം കുറവായതിനാൽ നിന്റെ ആവശ്യങ്ങൾ പൂർത്തീകരിക്കാൻ സാധിക്കുന്നില്ലായെന്ന് നീ വിചാരിക്കുന്നു. എന്നാൽ കേട്ടോളൂ; ഇനി നിന്റെ ഭർത്താവ് 2000 ഡോളറിന് പകരമായി 4000 ഡോളർ (ആകദേശം 186,000 രൂപ) തന്നാലും നിന്റെ ആവശ്യങ്ങൾ പൂർത്തിയാവുകയില്ല. ഇത് കേട്ട് അവൾ ആശ്ചര്യത്തോടെ 'ഉസ്താദേ, നിങ്ങൾ തന്നെ ഇപ്രകാരം പറഞ്ഞാലോ. അപ്പോൾ എനിക്ക് ഈ പ്രശ്നത്തിൽ നിന്നും രക്ഷപ്പെടാൻ സാധിക്കില്ലേ?' എന്ന് ചോദിച്ചു. എന്നിട്ട് ഞാൻ എന്തുകൊണ്ടാണ് 4000 ഡോളർ തന്നാലും എന്റെ ആവശ്യങ്ങൾ ഒരിക്കലും പൂർത്തീകരിക്കാൻ സാധിക്കുയില്ലെന്ന് പറഞ്ഞതെന്ന് അവൾ ചോദിച്ചു.

ഞാൻ പറഞ്ഞു: സഹോദരീ, ജീവിതത്തിന് ചില ചിട്ടകളും മര്യാദകളും ഇസ്ലാം പഠിപ്പിക്കുന്നുണ്ട്. ഈ ചിട്ടകളേയും ജീവിത

രീതികളേയും അനുസരിക്കലും പ്രാവർത്തികമാക്കലും കൊണ്ടുമാത്രമേ അല്ലാഹുവിന്റെ സഹായവും ബറക്കത്തും ലഭിക്കുകയുള്ളൂ. എന്നാൽ നിർഭാഗ്യവശാൽ നിന്റെ ജീവിതത്തിൽ അത്തരം ചിട്ടകളും മര്യാദകളും ഉണ്ടാകാൻ നിർവ്വാഹമില്ല. നീ വിദ്യാസമ്പന്ന, വലിയ കുടുംബത്തിലെ പരിഷ്ക്കാരിയായ പെണ്ണ്, നിന്റെയടുത്ത് പർദ്ദയുടെ സൂക്ഷമതയൊന്നുമുണ്ടാകാൻ സാധ്യതയില്ല, നമസ്ക്കാരത്തിന്റെ വിഷയത്തിൽ ഗൗരവമുണ്ടായിരിക്കുകയില്ല, ഹലാൽ ഹറാമിനെപ്പറ്റി ചിന്തപോലുമുണ്ടാകില്ല. ചില നേരം മറ്റു സമുദായങ്ങളെപ്പോലെ മറ്റു ചിലനേരം തന്നിഷ്ടത്തിൽ, അപ്രകാരമുള്ള ഒരു ജീവിതം നീ നയിച്ചു കൊണ്ടിരിക്കുന്നു. എത്ര വർഷങ്ങൾ ഇതുപോലെ അല്ലാഹുവിന്റെ ആജ്ഞകളെ നിറവേറ്റാതെയും ലോകാനുഗ്രഹി മുഹമ്മദ് (സ) യുടെ തിരുചര്യകളെ പുറന്തള്ളിയുമുള്ള ജീവിതം നയിക്കുന്നുവോ, അതുവരെ അല്ലാഹു നിന്റെ ഹൃദയത്തിൽ നിന്നും മനഃസമാധാനവും സന്തോഷവും എടുത്തു കളയുന്നതാണ്. അതുകൊണ്ട് സഹോദരീ നീ നിന്റെ ജീവിത ശൈലികളെ മാറ്റിക്കൊള്ളൂ. എപ്രകാരം ജീവിക്കാൻ ഇസ്ലാം കൽപ്പിക്കുന്നുവോ, അതായത് പെണ്ണ്, അവൾ പർദ്ദയുടെ വിഷയത്തിൽ ശ്രദ്ധാലുവായിരിക്കണം. അത് പോലെ എല്ലാ വിഷയങ്ങളും ഇസ്ലാമിക നിയമങ്ങൾക്കനുസൃതമായി വർത്തിക്കണം, തിരുനബി (സ) യുടെ ചര്യകളെ കഴിയും വിധം പിൻപറ്റുവാൻ പരിശ്രമിക്കണം. അപ്രകാരം നീ പ്രവർത്തിക്കുവാനാരംഭിച്ചാൽ നിന്റെ കലുഷിതമായ മനസ്സ് എത്രമാത്രം ശാന്തമാകുമെന്ന് അനുഭവിച്ചറിയുക'.

അല്ലാഹുവിന്റെ കൃപയാൽ ആ സമയം വളരെ ഖബൂലായ നേരമായിരുന്നു. ഞാൻ പറഞ്ഞ വിഷയങ്ങൾ അവളുടെ ഹൃദയത്തിൽ പരിവർത്തനങ്ങളുണ്ടാക്കി. അവൾ പറഞ്ഞു: 'ഉസ്താദേ താങ്കൾ പറഞ്ഞതെല്ലാം വളരെ ശരിയാണ്. എന്റെ തെറ്റുകളെ കുറിച്ച് എനിക്കിപ്പോൾ ബോധം വന്നു. ഇനി ഞാൻ എങ്ങനെയാണ് പശ്ചാത്തപിക്കേണ്ടതെന്ന് പറഞ്ഞ് തന്നാലും'. ആ സഹോദരിക്ക് ഞാൻ തൗബയുടെ വചനങ്ങൾ പറഞ്ഞു കൊടുത്തു. തൗബയുടെ നിബന്ധനകളോടൊപ്പം എപ്രകാരം അമൽ ചെയ്യണമെന്നും പറഞ്ഞു കൊടുത്തു. എന്റെ വാക്കുകൾ ഓരോന്നും അവൾ കാത് താഴ്ത്തി കേൾക്കുകയുണ്ടായി. ശേഷം ഒരു ദൃഢനിശ്ചത്തോടെയാണ് അവൾ അവിടെ നിന്നും പുറപ്പെട്ടത്.

മൂന്ന് മാസങ്ങൾക്ക് ശേഷം ആ സഹോദരി എന്നെ ഫോണിൽ ബന്ധപ്പെടുകയുണ്ടായി. 'ഉസ്താദേ, താങ്കളെ ഒരു സന്തോഷവാർത്ത അറിയിക്കുവാൻ വിളിച്ചതാണ്. താങ്കളുടെ ഉപദേശങ്ങൾ കേട്ടതു മുതൽ എന്റെ ജീവിത ശൈലികൾ മാറ്റുവാൻ ഞാൻ തീരുമാനിച്ചിരുന്നു. എന്നിലെ

മാറ്റത്തെ കണ്ട് 'നീ നല്ല ഒരു ഭക്തയായി മാറിപ്പോയല്ലോ' എന്ന് എന്റെ ഭർത്താവ് അഭിപ്രായപ്പെടുകയുണ്ടായി. എന്നിട്ടവൾ പറഞ്ഞു ഞാനിപ്പോൾ പർദ്ദയണിയുന്നു. നമസ്ക്കാരം മുറപോലെ നിർവ്വഹിക്കുന്നു. ചിലപ്പോൾ തഹജ്ജുദ് നമസ്ക്കാരത്തിന്റെ ഭാഗ്യവും ലഭിക്കുന്നുണ്ട്. ഇതിനെക്കാളും സന്തോഷകരമായ കാര്യമെന്തെന്നാൽ ഞാനിപ്പോൾ വളരെ സന്തോഷവതിയും മനഃസമാധാനമുള്ളവളുമാണ്. ജീവിതം തൃപ്തികരമായ നിലയിൽ മുന്നോട്ട് പോകുന്നു. എന്റെ കാര്യത്തിൽ എനിക്ക് തന്നെ അത്ഭുതം തോന്നുന്നു. 2000 ഡോളറിൽ പോലും തീരാതിരുന്ന എന്റെ ആവശ്യങ്ങൾ ഇപ്പോൾ വെറും അഞ്ച് ഡോളറിൽ പൂർത്തിയാകുന്നു. അത് കൂടാതെ എല്ലാ മാസവും 1500 ഡോളർ പാവങ്ങൾക്കും ആവശ്യക്കാർക്കും ധർമ്മം ചെയ്യുവാനും സാധിക്കുന്നു!'

**ഇതാണ് ബറക്കത്ത്**

അല്ലാഹുവിന്റെ ആജ്ഞകൾക്കും നിയമങ്ങൾക്കും എതിരായി ജീവിതം നയിച്ചു കൊണ്ടിരുന്നപ്പോൾ ആ സഹോദരിയുടെ അത്ര വലിയ തുകയും അവളുടെ പ്രശ്നങ്ങളേയും ആവശ്യങ്ങളേയും നിറവേറ്റുന്നതിന് മതിയായിരുന്നില്ല. അതേ സമയം അല്ലാഹുവിന് ഇഷ്ടപ്പെട്ട ജീവിതം നയിക്കാനാരംഭിച്ചപ്പോൾ അവന്റെ ബറക്കത്തും സഹായവും ലഭിക്കാൻ തുടങ്ങി. അല്ലാഹുവിന്റെ പാതയിൽ ധർമ്മം ചെയ്യുന്നതിനും അവസരം ലഭിച്ചു. സഹോദരൻമാരേ ഇതാണ് ബറക്കത്ത്. അല്ലാഹുവിന്റെ നിയമങ്ങൾക്ക് എതിര് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കാലം വരെ നിശ്ചയമായും മനഃസമാധാനവും ജീവിത സംതൃപ്തിയും ലഭിക്കുകയില്ല.

**രണ്ട് രോഗങ്ങൾ**

ഇന്ന് ജനങ്ങളിലധികം പേരും അസ്വസ്ഥമായ ജീവിതം നയിച്ചുകൊണ്ടിരിക്കുന്നു. എല്ലാവരുടേയും മനസ്സിൽ ഒരു തരം ഭീതി നിറഞ്ഞു നിൽക്കുന്നു. എന്നാൽ അതിന്റെ കാരണമെന്താണ്. ആർക്കുമറിയാൻ സാധിക്കുന്നില്ല. ഇതിനെ fear of unknown (കാരണമറിയാത്ത ഭയം) എന്ന് ഡോക്ടർമാർ ചെല്ലപ്പേരിട്ട് വിളിക്കുന്നു. അത് കൊണ്ട് തന്നെ ഇന്ന് ലോകത്ത് 2 രോഗങ്ങൾ അധികമായി കാണപ്പെടുന്നു. ഒന്ന് Depression (വിഷാദം) മറ്റൊന്ന് Tension (മാനസിക സംഘർഷം) ചിലർ Depression മൂലം ബുദ്ധിമുട്ടുമ്പോൾ മറ്റു ചിലർ Tension മൂലം ബുദ്ധിമുട്ടുന്നു. അതിനാൽ ഇന്ന് ഡോക്ടർമാരുടെ ജോലിയും എളുപ്പമായിത്തീർന്നു. രോഗം ശരിയായി നിർണയിക്കാൻ സാധിച്ചില്ലെങ്കിൽ Depression എന്നോ Tension എന്നോ എഴുതി വിടുന്നു.

സഹോദരന്മാരേ, ഈ രണ്ട് രോഗങ്ങളും എവിടെ നിന്ന് വന്ന

താണ്? ഈ രണ്ട് വാക്കുകളും ഇംഗ്ലീഷ് ഭാഷയിലുള്ളതാകുന്നു. ഉർദു ഭാഷയിൽപോലും ഇവ രണ്ടും (Depression, Tension) ഇംഗ്ലീഷിൽ തന്നെ ഉപയോഗിക്കുന്നു. ഇവക്ക് പ്രത്യേകമായ വാക്കുകൾ പോലുമില്ല. (മലയാളികളും ഈ വാക്കുകളെ (വിഷാദം, മാനസിക സംഘർഷം) രോഗങ്ങളായി കേട്ട് തുടങ്ങിയിട്ട് കുറച്ച് കാലമേ ആയിട്ടുള്ളൂ.)

ഇതിൽ നിന്നും നമുക്ക് മനസിലാകുന്നത് നമ്മുടെ മാർഗദർശികളായ മുൻഗാമികളുടെ ജീവിതത്തിൽ Depression ഉം Tensionഉം ഉണ്ടായിരുന്നില്ല. ഇതുകൊണ്ട് തന്നെ ഉർദുവാക്കുകൾ രൂപപ്പെടുത്തേണ്ട ആവശ്യവും അതിനാൽ തന്നെ നേരിട്ടിട്ടില്ല. അപ്രകാരമുള്ള അവസ്ഥകൾ അവരുടെ ജീവിതങ്ങളിൽ ഏർപ്പെട്ടിരുന്നെങ്കിൽ ഭാഷയിലും അവ സ്ഥാനം പിടിക്കുമായിരുന്നല്ലോ?

ഇപ്രകാരമുള്ള രോഗങ്ങൾ നമ്മുടെ ജീവിതത്തിൽ കടന്നു കൂടിയതിന് കാരണം നാം പാശ്ചാത്യരുടെ ജീവിത ശൈലിയെ പിൻപറ്റാൻ ആരംഭിച്ചത് മുതലാണെന്ന കാര്യം നാം മറന്ന് കളയുന്നു. ചുരുക്കത്തിൽ ഈ രോഗങ്ങൾ പാശ്ചാത്യ ജീവിത ശൈലിയുടെ സന്തതികളാകുന്നു.

നാം ആദ്യമായി നമ്മുടെ വിശ്വാസത്തെ ദൃഢമാക്കേണ്ടിയിരിക്കുന്നു. ഒരു യഥാർത്ഥ വിശ്വാസി ഈ വക രോഗങ്ങൾക്ക് ഒരിക്കലും അടിമപ്പെടുകയില്ല. കാരണം അവന്റെ ബന്ധം എല്ലാം സൃഷ്ടി ജാലങ്ങളുടേയും ഹൃദയങ്ങളെ നിയന്ത്രിക്കുന്നവനായ അല്ലാഹുവിനോടാണ്.

ഈ വിഷയം ഹൃദയത്തിന്റെ അടിത്തട്ടിൽ പതിപ്പിച്ചുകൊള്ളൂ, ആർക്ക് അല്ലാഹുവിനോട് ബന്ധമുണ്ടോ, അവന് അസ്വസ്ഥതയാർന്ന, പ്രശ്നകലുഷിതമായ ജീവിതത്തോട് ഒരിക്കലും മല്ലിടേണ്ടി വരുകയില്ല.

അല്ലാഹു പറയുന്നു: "അല്ലാഹുവിന്റെ സ്മരണ കൊണ്ടല്ലാതെ ഹൃദയങ്ങൾക്ക് സമാധാനമുണ്ടാകില്ല". (13:28)

ഇന്ന് മനുഷ്യൻ മനഃസമാധാനം തന്റെ സമ്പാദ്യങ്ങളിലും വീടുകളിലും ലോകത്തെ മറ്റ് ഉല്ലാസകേന്ദ്രങ്ങളിലും തേടിയലയുന്നു. എന്നാൽ, നിശ്ചയം ഹൃദയശാന്തിയും ജീവിത സംതൃപ്തിയും അല്ലാഹുവിന്റെ സ്മരണയിൽ മാത്രമേ ലഭിക്കുകയുള്ളൂ.

**ചൂട് പിടിപ്പിക്കും മെഴുകുതിരി**

എന്റെ ബാല്യകാലത്ത് ഞങ്ങൾ പങ്കെടുത്ത ഒരു കല്യാണവിരുന്ന് ഇപ്പോൾ ഓർമ വരുന്നു. ഞാൻ എന്റെ മൂത്ത സഹോദരനോടൊപ്പമാണ് പോയിരുന്നത്. ഞങ്ങളിരുവരും കുട്ടികളായിരുന്നതിനാൽ ആ ഫോർ സ്റ്റാർ ഹോട്ടലിലെ കാഴ്ചകളെല്ലാം തന്നെ ഞങ്ങളിൽ കൗതുകം ജനിപ്പിക്കുന്നവയായിരുന്നു. അതിൽ ഒരു കാര്യം ഞങ്ങ

ളിൽ വളരെയധികം ആകാംക്ഷയുണ്ടാക്കി, അവിടെ വലിയ വലിയ പാത്രങ്ങളിൽ ഭക്ഷണം നിറച്ച് വെച്ചിരുന്നു. ഓരോ പാത്രത്തിന്റെ അടിയിലും വലിയ മെഴുകുതിരികൾ കത്തിച്ചുവെച്ചിട്ടുണ്ടായിരുന്നു. ഇതിന്റെ കാരണത്തെക്കുറിച്ച് അന്വേഷിച്ചപ്പോൾ ഹോട്ടൽ ജീവനക്കാർ, ഭക്ഷണം വിളമ്പുന്നതിന് രണ്ടുമൂന്ന് മണിക്കൂറുകൾ താമസമുണ്ടാകുന്നതിനാൽ വിളമ്പുന്ന സമയം വരെ ചൂടാറാതിരിക്കാനാണ് മെഴുകുതിരികൾ കത്തിച്ച് വെച്ചിരിക്കുന്നതെന്ന് പറഞ്ഞു. അന്ന് കണ്ട ആ കാഴ്ചയിൽ നിന്ന് ഒരു കാര്യം മനസിലാകുന്നു. അതായത് മനുഷ്യന് അല്ലാഹു ഏർപ്പെടുത്തുകയും ചിട്ടപ്പെടുത്തിത്തരികയും ചെയ്ത ജീവിതശൈലികളെ കൈവെടിഞ്ഞാൽ അല്ലാഹു അവന്റെ മേൽ പ്രശ്നങ്ങളുടെ മെഴുകുതിരികൾ കത്തിച്ചുവെയ്ക്കുന്നു. അതവനെ സദാ എരിച്ചുകൊണ്ടിരിക്കുന്നു. പ്രശ്നങ്ങളുടേയും ദുരിതങ്ങളുടേയും ചൂടിൽ അവൻ വെന്തുരുകിക്കൊണ്ടേയിരിക്കും. അവൻ തന്റെ മനോച്ഛകളെ മാറ്റി ജീവിക്കുന്ന കാലഘട്ടത്തോളം അവന് പല രൂപങ്ങളിൽ ഈ ചൂട് ലഭിച്ചുകൊണ്ടേയിരിക്കും. ചിലപ്പോൾ ഭാര്യതന്നെ മെഴുകുതിരിയായി അവനെ ഉരുക്കിക്കൊണ്ടിരിക്കും, ചിലപ്പോൾ രോഗങ്ങൾ, കടങ്ങൾ, അപകടങ്ങൾ ഇങ്ങനെ പല രൂപത്തിൽ അവൻ ചൂടാക്കപ്പെട്ടുകൊണ്ടേ ഇരിക്കും.അപ്രകാരം ഏതെങ്കിലുമൊരു രൂപത്തിൽ അല്ലാഹു അവന്റെ മനഃസമാധാനത്തെ നീക്കി ദുരിതങ്ങളുടെ തീച്ചൂളയിൽ വെന്തുരുക്കുന്നതുമാണ്.

**ദുരിതങ്ങളുടെ തീജ്വാലകൾ**

നാം അല്ലാഹുവിന്റെ നിയമങ്ങൾക്കും ആജ്ഞകൾക്കും എതിര് പ്രവർത്തിക്കുന്ന പക്ഷം അവൻ നമ്മെ മനഃസമാധാനത്തോടെ ജീവിക്കാനനുവദിക്കില്ല. ഒരു മഹാൻ ഇപ്രകാരം പറയുകയുണ്ടായി; സഹോദരന്മാരേ, നിങ്ങൾ നിങ്ങളുടെ മനോച്ഛകളെ പിൻപറ്റി ജീവിക്കാനാഗ്രഹിക്കുന്നുവെങ്കിൽ അപ്രകാരം ജീവിച്ചുകൊള്ളൂ. എന്തു ചെയ്യാൻ മനസ്സ് പറയുന്നുവോ അപ്രകാരം തന്നിഷ്ടപ്രകാരമുള്ള ജീവിതം നയിച്ചുകൊള്ളൂ. നിശ്ചയം അല്ലാഹു ഈ ദുൻയാവിൽ വെച്ചു തന്നെ നരകജ്വാലയുടെ രുചി മനസിലാക്കിത്തരുന്നതാണ്. യഥാർത്ഥത്തിൽ പ്രശ്നങ്ങളും ദുരിതങ്ങളും മനുഷ്യഹൃദയത്തിൽ ജീവിതത്തിലുടനീളം തീ തന്നെയാണ് എരിച്ചുകൊണ്ടിരിക്കുന്നത്. നിരാശ, വിരക്തി (frustation), വ്യാപാരത്തിൽ ശ്രദ്ധിക്കുവാൻ സാധിക്കുന്നില്ല, മറ്റുള്ളവരാൽ താൻ വഞ്ചിക്കപ്പെടുന്നു, സുഹൃത്തുക്കൾ തന്നിൽ നിന്നും ഒഴിഞ്ഞുമാറുന്നു, ജോലിയിൽ സമ്മർദ്ദവും മാനസികപിരിമുറുക്കവും... ഇപ്രകാരമുള്ള ദീനരോദനങ്ങൾ മാത്രം ബാക്കിയാകുന്നു.

**അവൻ അനുഗ്രഹങ്ങളെ തിരിച്ചെടുക്കുകയും ചെയ്യുന്നു.**

ചിലർ ഇപ്രകാരം പറയുന്നത് കേട്ടിട്ടുണ്ട്. 'ഉസ്താദേ, മണ്ണിനെ തൊട്ടാൽ പൊന്നാകുന്ന ഒരു കാലമുണ്ടായിരുന്നു. എന്നാൽ ഇന്ന് പൊന്നിനെ തൊട്ടാൽ പോലും മണ്ണായിത്തീരുന്നു'. സഹോദരൻമാരേ ഇത് എന്ത് കൊണ്ട് സംഭവിക്കുന്നു?. അല്ലാഹുവിന്റെ കാരുണ്യത്തിന്റെ നോട്ടം നമ്മളിൽ നിന്നും വിദൂരമായിരിക്കുന്നു. അപ്പോൾ ഒരു മനുഷ്യൻ വളർച്ചയുടെ ഉന്നത കൊടുമുടികളിൽ നിന്നും നഷ്ടങ്ങളുടെ പടുകുഴികളിലേക്ക് പതിക്കുന്നു.

ഇന്ന് നമുക്ക് ധാരാളം കോടീശ്വരൻമാരേയും ലക്ഷപ്രഭുക്കളേയും കാണാൻ സാധിക്കും. അവർ അല്ലാഹു നൽകിയ സമ്പത്തിൽ അഹങ്കരിച്ച് അവന് ഇഷ്ടപ്പെടാത്ത വാക്കുകൾ പറയുന്നു, അല്ലാഹു അവരുടെ സകലവിധ സുഖ സൗകര്യങ്ങളേയും തിരിച്ചെടുക്കുന്നു, ആയതിനാൽ സഹോദരൻമാരേ, ഒരു വിഷയം നന്നായി മനസിലാക്കിക്കൊള്ളുവിൻ. ഏത് പടച്ചതമ്പുരാന് അനുഗ്രഹങ്ങളെ വാരിക്കോരി നല്കാൻ സാധിക്കുന്നുവോ സ്വത്ത്, സമ്പത്തുകൾ മഴ പോലെ വർഷിക്കുവാൻ സാധിക്കുമോ.അതുപോലെ തന്നെ അതിനെ തിരിച്ചെടുക്കുന്നതിനും അവന് യാതൊരു ബുദ്ധിമുട്ടുമില്ല.

സഹോദരൻമാരേ, അതിനാൽ അല്ലാഹു നൽകിയ സമ്പത്തിൽ അഹങ്കരിക്കാതെ അവന് നന്ദി ചെലുത്തി തൃപ്തികരമായ ജീവിതം നയിക്കുക, എന്നാൽ ഇന്നത്തെ നമ്മുടെ അവസ്ഥയെന്താണ്. ഇന്ന് നമ്മുടെ സമ്പാദ്യങ്ങൾ കൊണ്ട് നമ്മുടെ മിതമായ ആവശ്യങ്ങൾ കഴിഞ്ഞ് മറ്റു പലർക്കും കൂടി ചെലവഴിക്കാൻ സാധിക്കുന്ന രീതിയിൽ അല്ലാഹു ജോലിയും ശമ്പളവും നമ്മളിലധികം പേർക്കു നൽകിയിരിക്കുന്നു. എന്നിരുന്നാലും ആരെങ്കിലും നമ്മുടെയടുത്ത് ജോലിയൊക്കെ എങ്ങനെയുണ്ട്, ജീവിതമൊക്കെ എങ്ങനെ പോകുന്നുവെന്ന് ചോദിച്ചാൽ 'ഏതോ ഇങ്ങനെ തട്ടിമുട്ടി പോകുന്നു'വെന്നായിരിക്കും പറയുക, ഇപ്പോൾ ഒന്നു ചിന്തിച്ചു നോക്കൂ; നമ്മുടെ ഈ 'ഏതോ തട്ടിമുട്ടി പോകുന്നു'വെന്ന വാക്കുകൾ അല്ലാഹുവിനെ കോപപ്പെടുത്തുകയില്ലേ, ഇത് നന്ദികേടിന്റെ വാക്കുകളല്ലേ?

നിങ്ങൾ അയ്യായിരം രൂപ മാത്രം ആവശ്യമുള്ള ഒരു മനുഷ്യന് മാസം അമ്പതിനായിരം രൂപ കൊടുക്കുന്നുവെന്ന് വിചാരിക്കുക. എന്നിട്ട് ആരെങ്കിലും അദ്ദേഹത്തിന്റെയടുത്ത് ജീവിതമൊക്കെ എങ്ങനെ പോകുന്നുവെന്ന് ചോദിക്കുമ്പോൾ 'ഏതോ തട്ടിമുട്ടി പോകുന്നു' വെന്ന് മറുപടി പറയുന്നത് കേട്ടാൽ നിങ്ങൾക്ക് ദേഷ്യം വരുകയില്ലേ? ദേഷ്യം വരുമെന്ന് മാത്രമല്ല,നിങ്ങൾ ഇപ്രകാരം കയർക്കുവാനും സാധ്യതയു

ണ്ട്. സഹോദരാ നിനക്ക് നിന്റെ ആവശ്യത്തേക്കാൾ പതിന്മടങ്ങ് അധികമായി ഞാൻ തന്നുകൊണ്ടിരിക്കുന്നു. എന്നിട്ടും നിന്റെ മുഖത്തിനൊരു തെളിച്ചമില്ലല്ലോ! ആവശ്യത്തിലധികം പണം ലഭിച്ചിട്ടും നീ ബുദ്ധിമുട്ടിക്കഴിയുന്നുവെന്ന് പരാതിപ്പെട്ടുക്കൊണ്ടിരിക്കുന്നുവല്ലോ!

ആരെങ്കിലും നമ്മുടെയടുത്ത് നമ്മുടെ ജീവിതത്തെപ്പറ്റി എങ്ങനെ പോകുന്നുവെന്ന് ചോദിച്ചാൽ അൽഹംദുലില്ലാഹ്, അവന്റെ കൃപയാൽ, എന്റെ ആവശ്യങ്ങളേക്കാളധികം അവൻ എനിക്ക് നൽകികൊണ്ടിരിക്കുന്നു. എന്ന് എന്തുകൊണ്ട് നമുക്ക് പറയാൻ സാധിക്കുന്നില്ല? എപ്പോൾ നമ്മുടെ നാവുകളിൽ നിന്നും ഇപ്രകാരമുള്ള ഷുക്റിന്റെ (നന്ദി) വാക്കുകൾ വരുമോ അപ്പോൾ അല്ലാഹുവിന്റെ കാരുണ്യവും സ്നേഹവും നമ്മുടെ മേൽ വർഷിക്കും. അല്ലാഹു നൽകിയ അനുഗ്രഹങ്ങൾക്ക് വിലകൽപ്പിക്കാതെയും അവന് നന്ദി രേഖപ്പെടുത്താതെയും അവഗണിക്കുമോ, അവരിൽ നിന്നും ആ അനുഗ്രഹങ്ങളെ അവൻ തിരിച്ചെടുക്കുന്നതാണ്. ഇനി ആര് അല്ലാഹു കനിഞ്ഞരുളിയ അനുഗ്രഹങ്ങളെ അനുഗ്രഹങ്ങളാണെന്ന് മനസിലാക്കി അതിന് നന്ദി രേഖപ്പെടുത്തുമോ, അപ്പോൾ അല്ലാഹു ആ അനുഗ്രഹങ്ങളെ അധികരിപ്പിച്ച് നൽകുന്നതാണ്.

**മാതാവിന്റെ ശാസനപോലെ**

പാപങ്ങൾക്കുള്ള ശിക്ഷ മൂന്ന് രൂപത്തിൽ മനുഷ്യന് വന്നണയുന്നു. അതിൽ ആദ്യത്തെ രൂപമായ നകീർ നെക്കുറിച്ച് നാം പ്രതിപാദിച്ച് കഴിഞ്ഞുവല്ലോ. നകീർ നെ സംബന്ധിച്ചിടത്തോളം നാം തെറ്റ് ചെയ്താൽ ഉടനടി അതിന്റെ തിക്തഫലം ലഭിക്കും. എന്റെ ചില സുഹൃത്തുക്കൾ ഇപ്രകാരം പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. ഹസ്രത്ത്, ഞങ്ങൾ എന്തെങ്കിലും തെറ്റുകളോ ഷരീഅത്തിന്റെ നിയമങ്ങൾക്ക് വിരുദ്ധമായ എന്തെങ്കിലും കാര്യങ്ങളോ ചെയ്താൽ 24 മണിക്കൂറിനുള്ളിൽ അതിന്റെ ഭവിഷത്തുകൾ ഞങ്ങൾക്ക് അനുഭവപ്പെടാറുണ്ട്. ഇപ്രകാരമുള്ള ശിക്ഷാരീതിക്കാണ് നകീർ എന്ന് പറയപ്പെടുന്നത്.

ഹസ്രത്ത് ഫുളൈൽ ബിൻ ഇയാള് (റഹ്) അവർകൾ പറയുന്നു. ഞാൻ എപ്പോഴെല്ലാം അല്ലാഹുവിന്റെ നിയമങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നുവോ, അപ്പോഴെല്ലാം തന്നെ അതിന്റെ പ്രതിഫലനത്തെ എന്റെ ഭാര്യ, മക്കൾ, വേലക്കാർ, ഞാൻ സവാരിചെയ്യുന്ന മൃഗങ്ങൾ പോലുള്ളതിൽ ദർശിക്കാറുണ്ട്. ഞാൻ അല്ലാഹുവിന് എതിര് പ്രവർത്തിക്കുമ്പോഴെല്ലാം തന്നെ എന്റെ ഉത്തരവാദിത്വത്തിന് കീഴിലുള്ളവരിൽ ആരെങ്കിലും എന്റെ ആജ്ഞകൾക്ക് എതിര് പ്രവർത്തിക്കുന്നതായി ഞാൻ കണ്ടെത്തിയിട്ടുണ്ട്.

സഹോദരന്മാരേ, ഇന്ന് നമ്മുടെ ഭാര്യമാർ നമ്മുടെ വാക്കുകൾക്ക് എതിര് പ്രവർത്തിക്കുന്നുവെങ്കിൽ ഇതും നമ്മുടെ പാപങ്ങൾക്കുള്ള അല്ലാഹുവിന്റെ ഉടനടി ശിക്ഷയായിരിക്കുമല്ലോ. അത് പോലെ നമ്മുടെ കുട്ടികൾ അനുസരണക്കേട് കാണിക്കുന്നതും നമ്മുടെ വേലക്കാർ നമുക്ക് ദ്രോഹം ചെയ്യുന്നതുമെല്ലാം നമ്മുടെ തെറ്റുകൾക്കുള്ള അല്ലാഹുവിന്റെ ഉടനടി ശിക്ഷയായിരിക്കുമല്ലോ? അതെ, ഇതിനെയാണ് നകീർ (ഉടനടി ശിക്ഷ) എന്ന് പറയുന്നത്.

കൊച്ചുകുട്ടികൾ എന്തെങ്കിലും തെറ്റുകൾ ചെയ്താൽ ഉടൻതന്നെ അവരെ ശാസിക്കുകയോ, അടിക്കുകയോ ചെയ്യുന്നു. ഇത് അവരുടെ മേലുള്ള കോപത്തിനാലല്ല, മറിച്ച് ആ കുട്ടിയുടെ മേലുള്ള മാതാവിന്റെ സ്നേഹവാത്സല്യത്തിന്റെ ലക്ഷണമാണ്. ഇനി ഇപ്രകാരം തെറ്റുകൾ ചെയ്യരുത് എന്ന് മനസിലാക്കിക്കൊടുക്കുവാൻ വേണ്ടിയുമാണ്. അതുപോലെ തന്നെയാണ് നകീർ (ഉടനടി ശിക്ഷ). ഇത് അല്ലാഹുവിന്റെ സ്നേഹത്തിന്റെയും കരുണയുടേയും ലക്ഷണമാകുന്നു.

**ഹൃദയങ്ങൾ തുറക്കട്ടെ!**

അല്ലാഹു തന്റെ അടിമകൾക്ക് ഇതുപോലുള്ള ഉടനടി ശിക്ഷകൾ നൽകി പരലോകത്തിലെ കൊടിയ ശിക്ഷകളിൽ നിന്നും കാക്കുന്നു; അവന് നേർവഴിയുടെ പാതകൾ തുറന്ന് കൊടുക്കുന്നു. ഇത് കാരുണ്യവാനായ അല്ലാഹുവിന്റെ കരുണാകടാക്ഷത്തിന്റെ ഉയർന്ന നിലയാകുന്നു. തന്നെ മറന്നിരിക്കുന്ന അടിമകൾക്ക് ഏതെങ്കിലുമൊരു കഷ്ടതകൾ നൽകി തന്നെ സ്മരിക്കുന്നതിനുള്ള അവസരങ്ങൾ അവൻ തന്നെ ഉണ്ടാക്കിക്കൊടുക്കുന്നു!

ചിലപ്പോൾ പ്രശ്നങ്ങളും കഷ്ടതകളും നമ്മളെ വല്ലാതെ അലട്ടുമല്ലോ, ഇത് അല്ലാഹുവിനെ മറന്നിരിക്കുന്ന അടിമകളുടെ കണ്ണുകൾ തുറപ്പിക്കുന്നതിനു വേണ്ടിയും പ്രശ്നപരിഹാരത്തിന് തന്നിലേക്ക് അടിമകളുടെ മനസ് തിരിക്കുന്നതിന് വേണ്ടിയുമാണ്.

സഹോദരന്മാരേ, ഒരു വിഷയം എപ്പോഴും നമ്മുടെ ഓർമ്മയിൽ ഉണ്ടാകട്ടെ, അതായത് സുഖഭോഗങ്ങൾ മനുഷ്യനെ വിസ്മൃതിയിൽ ആഴ്ത്തും. കഷ്ടതകൾ മനുഷ്യന്റെ ഹൃദയങ്ങൾ തുറപ്പിക്കും. മനുഷ്യന് കഷ്ടതകൾ വരുമ്പോൾ അല്ലാഹുവിനെ ഓർമ്മവരുന്നു. ഫർള് നമസ്ക്കാരങ്ങൾ കൊണ്ട് മാത്രം തൃപ്തിപ്പെട്ടിരുന്നവർ സുന്നത്തും, ഇഷ്റാഖും (സൂര്യൻ ഉദിച്ച് ഏകദേശം 20 മിനിട്ട് കഴിഞ്ഞതിന് ശേഷമുള്ള ശ്രേഷ്ടമായ സുന്നത്ത് നമസ്ക്കാരം) അവ്വാബീനും (മഗ്രിബിന് ശേഷമുള്ള 6 റക്അത്ത് സുന്നത്ത് നമസ്ക്കാരം) തഹജ്ജുദും വിടാതെ നമസ്ക്കരിക്കുവാനാരംഭിക്കും, ഒരു ദിവസം ഖുർആനിൽ നിന്ന് ഒരു

പേജ് പോലും ഓതാത്തവർ ജുസു കണക്കിന് ഓതി തീർക്കും. യാസീൻ സൂറത്ത് കൊണ്ട് മാത്രം മതിയാക്കിയിരുന്നവർ, സൂറത്തുൽ മുൽക്ക്, വാഖിഅ:, സജദ, ദുഖാൻ, തഗാബുൻ പോലെയുള്ള, സൂറത്തുകൾ കൂടി ഓതാൻ ആരംഭിക്കും. ചിലർ പള്ളിമൂലകളിൽ ദുആയിലും ദിക്റിലുമായി കുറ്റിയടിക്കുന്നു.

സഹോദരന്മാരേ, ഇവരെകൊണ്ട് ഇപ്രകാരമെല്ലാം പ്രവർത്തിക്കാൻ പ്രേരിപ്പിച്ചതെന്താണ്? അവരുടെയടുത്ത് തന്നെ ഇതിനെപ്പറ്റി ചോദിച്ചാൽ എന്തു ചെയ്യാനാ സാഹിബ്, കുറച്ച് പ്രശ്നങ്ങളുണ്ട്. നിങ്ങളും ദുആ ചെയ്യൂ, എന്ന് പറയും. അതെ, അല്ലാഹു ചിലപ്പോൾ പ്രശ്നങ്ങൾ നൽകി അവനെ സ്മരിക്കുന്നതിന് അവസരമൊരുക്കിത്തരുന്നു. അവന്റെ സാമീപ്യം കരസ്ഥമാക്കുന്നതിന് വഴികളൊരുക്കിത്തരുന്നു. പ്രശ്നങ്ങളിലകപ്പെട്ട് അല്ലാഹുവിലേക്ക് തിരിയുമ്പോൾ അവൻ നമ്മെ സ്വീകരിക്കുന്നു. ഹൃദയം തുറന്ന് പശ്ചാത്തപിക്കുമ്പോൾ അവൻ ആ അടിമക്ക് മാപ്പ് നൽകി അവന്റെ പ്രശ്നങ്ങളെ പരിഹരിച്ച് അവന് സമാധാനവും സന്തോഷവും നൽകുന്നു. അപ്രകാരം ഇതും അവന്റെ റഹ്മത്തായി മാറുന്നു.

**പാപങ്ങൾക്കുള്ള രണ്ടാമത്തെ ശിക്ഷാരീതി - തഅ്ഖീർ**

പാപങ്ങൾക്ക് ലഭിക്കുന്ന മൂന്ന് വിധത്തിലുള്ള ശിക്ഷകളിൽ ആദ്യ രൂപമായ നകീർ (ഉടനടി ശിക്ഷ) നെ പറ്റി നാം പല ഉദാഹരണങ്ങൾ മൂലം മനസിലാക്കിക്കഴിഞ്ഞു.

**തഅ്ഖീർ**

പാപങ്ങളാൽ ഏർപ്പെടുന്ന പ്രശ്നങ്ങൾക്ക് വേറൊരു മുഖം കൂടിയുണ്ട്. അതിനെ തഅ്ഖീർ (കാലതാമസം ചെയ്യൽ) എന്ന് വിളിക്കുന്നു. ഇത് നകീർ (ഉടനടി ശിക്ഷ) നെ പോലെ അല്ലാഹു ഉടനേ ശിക്ഷനൽകുന്ന രീതിയല്ല. മറിച്ച് മനുഷ്യന് തന്റെ തെറ്റുകളെ തിരുത്തുന്നതിന് അവർക്ക് കുറച്ച് കാലതാമസം നൽകുന്നു. തെറ്റുകളിൽ നിന്ന് ഒഴിഞ്ഞ് നില്ക്കുവാനുള്ള അവസരങ്ങളും ഉണ്ടാക്കിക്കൊടുത്ത് കുറച്ച് വിട്ട് പിടിക്കുന്നു. എന്നിട്ടും അവൻ തെറ്റുകളിൽ തന്നെ മുഴുകി അലക്ഷ്യമായി കഴിയുകയാണെങ്കിൽ നീ നിന്റെ മനോച്ഛകൾക്കടിമപ്പെട്ട് ജീവിച്ചുകൊള്ളു, നിനക്ക് ഞാൻ ആവശ്യമായ എല്ലാ ഏർപ്പാടുകളും ചെയ്തു തരാം എന്ന് അല്ലാഹു പറയുന്നതാണ്.

ഇപ്രകാരം അവൻ പാപങ്ങളിൽത്തന്നെ മുഴുകിക്കഴിയുമ്പോൾ അല്ലാഹുവിന്റെ ശിക്ഷ യാതൊരു മുന്നറിയിപ്പുമില്ലാതെ അവനെ പിടികൂടുന്നതാണ്. ഇത് ആദ്യത്തെ ശിക്ഷാ രീതിയായ നകീറിനെക്കാൾ കഠിനവും ആപത്ക്കരവുമായിരിക്കും.

**ഗുണപാഠത്തിനൊരു സംഭവം**

എന്റെ ബാല്യകാലത്ത് ഞങ്ങളുടെ നാട്ടിൽ നടന്ന ഒരു സ്ത്രീയുടെ സംഭവം ഓർമ്മവരുന്നു. വിദ്യാസമ്പന്നയായിരുന്നെങ്കിലും ആ സഹോദരിക്ക് തന്റെ നാവിനെ ഉപയോഗിക്കുന്ന വിഷയത്തിൽ അല്പം സൂക്ഷ്മതക്കുറവുണ്ടായിരുന്നു. ഒരു ദിവസം ആ സഹോദരി തന്റെ വീട്ടുജോലികളിൽ മുഴുകിയിരുന്നപ്പോൾ അവളുടെ ചെറിയ കുട്ടി തന്നെ എടുക്കണമെന്ന് വാശിപിടിച്ച് കരയുവാൻ ആരംഭിച്ചു. എന്നാൽ അവൾക്ക് അപ്പോൾ അവനെ എടുക്കാൻ സാധിക്കുന്ന അവസ്ഥയിലായിരുന്നില്ല. സമാധാനിപ്പിക്കാൻ ശ്രമിച്ചെങ്കിലും അവൻ വീണ്ടും കരഞ്ഞ്കൊണ്ട് അവളുടെ പിറകെ കൂടി. അവൾക്കാണെങ്കിൽ ജോലി വിട്ടിട്ട് എടുക്കുവാനും വയ്യ, എടുത്താൽ മാത്രമേ കരച്ചിൽ നിർത്തൂ എന്ന് വാശിപിടിച്ച് കുട്ടിയും. ഒടുവിൽ സഹികെട്ട് അവനെ തോളിലേറ്റി പാൽ കുപ്പി വായിൽ വെച്ച് കൊടുത്തിട്ട് ഇത് കുടിച്ചിട്ട് കിടന്ന് ഉറങ്ങിക്കോ, വീണ്ടും എന്റെ പിറകെ വന്ന് ശല്യപ്പെടുത്തരുത്, ഇനിയെങ്ങാനും എഴുന്നേറ്റുവന്നാൽ, ങാ, കാണിച്ചുതരാം, എന്ന് വിരട്ടിയതിന് ശേഷം അവനെ കട്ടിലിൽ കിടത്തി അവൾ തന്റെ ജോലികളിൽ വ്യാപൃതയായി.

**മാതാവിന്റെ ശാപവും ഖബൂലാകുന്ന നേരവും.**

മാതാവ് കിടത്തിയതിന് ശേഷം ആ കുട്ടി കുറച്ച് നേരം പാൽ കുടിച്ചു അനങ്ങാതെ കിടന്നു. പാൽ തീർന്ന ഉടനെ ഉമ്മാ ഉമ്മാ എന്ന് വിളിച്ച് അലറിക്കരഞ്ഞ് വീണ്ടും മാതാവിന്റെ പിറകെക്കൂടി. അവൾക്ക് ഭയങ്കരമായി ദേഷ്യം വന്നു. മനുഷ്യന് കോപം വരുമ്പോൾ താൻ എന്താണ് പ്രവർത്തിക്കുന്നതെന്നോ പറയുന്നതെന്നോ അറിയുകയില്ലല്ലോ, ഈ സഹോദരിയും കോപത്താൽ ശാപവാക്കുകൾ പറയാൻ തുടങ്ങി. ഞാൻ നിന്റെയടുത്ത് വീണ്ടും വന്നെന്നെ ശല്യപ്പെടുത്തരുത് എന്ന് പറഞ്ഞില്ലേ? ഹൊ, ഒരിക്കലും എഴുന്നേൽക്കാതെ അങ്ങനെയങ്ങ് ഉറങ്ങാമായിരുന്നല്ലോ. (മരിച്ച് പോകാമായിരുന്നല്ലോ!)

ദുർഭാഗ്യമെന്ന് പറയട്ടെ, ആ സമയം ദുആ സ്വീകരിക്കപ്പെടുന്ന നേരമായിരുന്നു. അല്ലാഹു ആ ശാപവാക്കുകൾ ഖബൂലാക്കി, എന്നാൽ ഇവിടെ ശ്രദ്ധിക്കേണ്ട വിഷയം ആ കുട്ടി ഉടനെ മരണപ്പെടുകയുണ്ടായില്ല.

ആ കുട്ടി എല്ലാവരേയും ആകർഷിക്കും വിധം സുന്ദരനായും വളരെ സാമർത്ഥ്യമുള്ളവനായും വളർന്നു. എല്ലാവരും അസൂയപ്പെടുന്ന വിധത്തിൽ അവൻ സ്കൂൾ, കോളേജ് പഠനങ്ങളിൽ ഉയർന്ന മാർക്കോടെ പാസായി. തുടർന്ന് അവൻ ഒരു വലിയ കമ്പനിയിൽ മാനേജരായി ജോലിക്ക് പ്രവേശിച്ചു. അവന്റെ മതബോധവും സത്സ്വഭാ

വവും അവനെ എല്ലാവരാലും പ്രിയങ്കരനാക്കി. മറ്റുള്ളവർ തങ്ങളുടെ മക്കളും ഇതുപോലെ ആകണമെന്ന് ആഗ്രഹിക്കുന്ന രീതിയിൽ വീടിനും നാടിനും അഭിമാനമായി അവൻ വളർന്നു വന്നു.

അവന് ധാരാളം വിവാഹാലോചനകൾ വന്നുകൊണ്ടിരുന്നു. അവസാനം അവന്റെ മാതാവ് ഒരു സുന്ദരിയായ പെണ്ണിനെ അവന് വധുവായി നിശ്ചയിച്ചു. കല്യാണത്തിന് മൂന്ന് നാളുകൾ മാത്രമുള്ള പ്പോൾ വീട്ടിൽ ഏതോ ജോലിയിൽ വ്യാപൃതനായിരിക്കുമ്പോൾ കാൽതെറ്റി വീണു. അതിനുശേഷം ആ യുവാവ് ഒരിക്കലും എഴുന്നേ റ്റില്ല. മകനെ നഷ്ടപ്പെട്ട ആ മാതാവ് ശിഷ്ടജീവിതം കരഞ്ഞുതീർത്തു.

**അനുഗ്രഹങ്ങളെ നിരാകരിച്ചാൽ**

ഞങ്ങൾ കൊച്ചുകുട്ടികളായിരുന്നപ്പോൾ ആ സഹോദരിയെ കണ്ടിട്ടുണ്ട്. അവൾക്ക് നേരിട്ട അവസ്ഥയുടെ കാരണത്തെ കുറിച്ച് മുതിർന്നവർ ഞങ്ങളോട് പറയുകയുണ്ടായി. അതായത് ഞങ്ങളുടെ നാട്ടിൽ താമസിച്ചിരുന്ന ഒരു വലിയ്യിന്റെ സ്വപ്നത്തിൽ, ഇവൾ തന്റെ മകന്റെ ചെറിയ വയസ്സിൽ ഒരിക്കൽ അവനെ ശപിച്ചിരുന്നു, അതിനെ നാം അപ്പോൾ തന്നെ ഖബൂൽ ചെയ്തിരുന്നു. എന്നാൽ നാം അവന്റെ റൂഹിനെ ഉടനെ പിടിക്കുകയുണ്ടായില്ല. അവന്റെ യുവത്വത്തിൽ നാം അവനിൽ നിന്നും റൂഹ് എടുക്കുകയുണ്ടായി. അപ്പോൾ മാത്രമേ എന്റെ അനുഗ്രഹങ്ങളെ നിരാകരിച്ചാൽ എന്തു ഭവിഷ്യത്തുക്കൾ നേരിടേണ്ടി വരുമെന്ന് മനസിലാക്കുകയുള്ളൂ എന്ന് അറിയിക്കുകയുണ്ടായി.

**ശാപവാക്കുകളുരുവിടരുതേ...**

എത്ര സഹോദരിമാർ തങ്ങളുടെ സഹോദരൻമാരുടെ മേൽ ശാപവാ ക്കുകൾ വർഷിക്കുന്നു. എത്രയോ മാതാപിതാക്കൾ അവരറിയാതെ തന്നെ തങ്ങളുടെ കുട്ടികളെ ശപിക്കുന്നു. എത്രയോ ഭാര്യമാർ ഭർത്താക്കന്മാ രുടെ നേരെ ശാപവാക്കുകളാൽ കയർത്തു സംസാരിച്ചുകൊണ്ടിരിക്കു ന്നു. അതിന് ശേഷം എന്തെങ്കിലും സംഭവിക്കുമ്പോൾ ഒരു മൂലയിലി രുന്ന് കരഞ്ഞുവിളിച്ച് വിധിയെ പഴിക്കുന്നു. അതിനാൽ നമ്മുടെ കോപ ത്തിനാൽ എപ്പോഴോ പറയപ്പെട്ട ശാപവാക്കുകൾ ഒരു നാൾ ഫലിക്കു മെന്ന് ആർക്കറിയാം?

അതിനാൽ പാപങ്ങൾക്കുള്ള രണ്ടാമത്തെ ശിക്ഷാ മുറയായ തഅ്ഖീർ ആദ്യത്തെ ശിക്ഷയായ നകീറിനെക്കാളും കഠിനമായതാ ണ്. നമ്മുടെ സംസാരങ്ങളിൽ ശാപവാക്കുകൾ കലരാതിരിക്കാൻ നാം ശ്രദ്ധിക്കേണ്ടതാണ്. ഇതു തന്നെയാണ് അല്ലാഹുവും പറഞ്ഞ് തരു ന്നത്.

"അങ്ങനെ അവരോട് ഉത്ബോധിപ്പിക്കപ്പെട്ട കാര്യങ്ങൾ അവർ മറന്ന് കളഞ്ഞപ്പോൾ എല്ലാ കാര്യങ്ങളുടേയും വാതിലുകൾ നാം

അവർക്ക് തുറന്ന് കൊടുത്തു. അങ്ങനെ അവർക്ക് നൽകപ്പെട്ടതിൽ അവർ ആഹ്ലാദം കൊണ്ടപ്പോൾ പെട്ടെന്ന് നാം അവരെ പിടികൂടി. അപ്പോൾ അവരതാ നിരാശപ്പെട്ടവരായിത്തീരുന്നു".(6:44)

സഹോദരന്മാരേ, പാപങ്ങളിൽ മുഴുകിക്കഴിയുന്ന ഒരു മനുഷ്യന്റെ മേൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ വർഷിച്ച് കൊണ്ടിരിക്കുന്നതായി കണ്ടാൽ അവന്റെ കാര്യത്തിൽ ഭയപ്പെടുക.

യാ അല്ലാഹ്, ഞാൻ പാപങ്ങൾക്ക് മേൽ പാപങ്ങൾ ചെയ്തു കൊണ്ടിരിക്കുന്നു. എന്നാലും നീ നിന്റെ അനുഗ്രഹങ്ങൾ എനിക്ക് വാരിക്കോരി നൽകിക്കൊണ്ടിരിക്കുന്നു. എന്നെ നീ പരീക്ഷണങ്ങളിൽ ആഴ്ത്തി വിടരുതേ, എന്റെ പാപങ്ങളുടെ പേരിൽ എന്നെ ഒറ്റയടിക്ക് പിടികൂടരുതേ, എന്ന് പശ്ചാത്തപിച്ചുകൊണ്ടേ ഇരിക്കേണ്ടതാണ്.

**മൂന്നാമത്തെ ശിക്ഷാ രീതി ഖുഫ്‌യത്തു-തദ്ബീർ**

നാം മുമ്പ് പ്രതിപാദിച്ച ശിക്ഷാ രീതികളേക്കാൾ വളരെ കഠിന മായ ശിക്ഷാരീതിയാണിത്. ഇതിനെ അല്ലാഹുവിന്റെ ഖുഫ്‌യത്തു-തദ്ബീർ (അദൃശ്യമായ ഏർപ്പാട്) എന്ന് പറയപ്പെടും. അതായത് ഒരു പാപിയായ മനുഷ്യൻ താൻ അനുഭവിച്ച് കൊണ്ടിരിക്കുന്ന ശിക്ഷകൾ അത് അല്ലാഹു തന്റെ പാപങ്ങൾ മൂലം ഏർപ്പെടുത്തിയതാണെന്ന് മനസി ലാക്കാൻ സാധിക്കാത്ത അവസ്ഥയിൽ ശിക്ഷയിൽ നരകിക്കലാകുന്നു.

**വാർദ്ധക്യത്തിലെ ദുരിതങ്ങൾ**

ഉദാഹരണമായി ഒരുവൻ തന്റെ യുവത്വത്തിൽ ചെയ്ത പാപ ങ്ങൾ കാരണമായി വാർദ്ധക്യത്തിൽ അവൻ പ്രയാസങ്ങളനുഭവിക്കുന്നു. അവന്റെ ഭാര്യ അവനെ അനുസരിക്കാതെ കഷ്ടപ്പെടുത്തുന്നവളായും അവന്റെ കുട്ടികൾ മാതാവിനോടൊപ്പം ചേർന്ന് അവനെ പുറന്തള്ളു ന്നവരായും അവനെ വീട്ടിൽ നിന്നും ആട്ടിയിറക്കുന്നവരു മായിത്തീർന്നാൽ അവന്റെ വാർദ്ധക്യം എത്രയോ ദുരിത പൂർണ്ണമായി രിക്കും. യുവത്വത്തിൽ ചെയ്യുന്ന തെറ്റുകൾക്ക് ശിക്ഷ അപ്പോൾ തന്നെ ലഭിക്കണമെന്നില്ല. യൗവ്വനത്തുടിപ്പിൽ കാണിച്ചു കൂട്ടുന്ന അഴിഞ്ഞാട്ട ങ്ങൾക്ക് വാർദ്ധക്യത്തിൽ അനുഭവിക്കേണ്ടിവരുമ്പോൾ സ്വന്തമായി കരഞ്ഞ് നിലവിളിക്കുവാനേ നിർവ്വാഹമുള്ളൂ. ഇതു തന്നെയാണ് അല്ലാ ഹുവിന്റെ ഖുഫ്‌യത്തു-തദ്ബീർ എന്ന ശിക്ഷാവിധവും.

**രോഗങ്ങളുടെ രൂപത്തിൽ**

അല്ലാഹു ചിലർക്ക് രോഗങ്ങൾ നൽകി അവരെ തന്റെ അനു ഗ്രഹങ്ങളിൽ നിന്നും വിദൂരമാക്കുന്നു.

ഒരു സഹോദരി എനിക്ക് കത്തെഴുതുകയുണ്ടായി: ഉസ്താദേ, ഞാൻ വീട്ടിൽ പലവിധത്തിലുള്ള ഭക്ഷണ പദാർത്ഥങ്ങൾ പാചകം

ചെയ്യാറുണ്ട്. വീട്ടിൽ വരുന്ന വിരുന്നുകാർ എന്റെ പാചക നൈപുണ്യത്തെ അഭിനന്ദിക്കുന്നതിനനുസരിച്ച് ഞാൻ പല വകയായി രുചികരമായ വിഭവങ്ങൾ തയ്യാറാക്കി കൊടുക്കാറുണ്ട്. എന്നാൽ ഞാൻ ഒരു അൾസർ രോഗിയാണ്. ഏഴ് വർഷമായി വെറും ജ്യൂസ് പോലുള്ള ദ്രാവകപദാർത്ഥങ്ങൾ മാത്രമേ എനിക്ക് ഭക്ഷിക്കുവാൻ സാധിക്കുന്നുള്ളു. എനിക്ക് രുചികരമായ ഭക്ഷണം കഴിക്കണമെന്ന് വളരെ ആശയുണ്ട്. എന്നാൽ അത്പോലെ രുചിയുള്ള ഭക്ഷണങ്ങൾ എന്റെ വായ് രുചിച്ചിട്ട് വർഷങ്ങളായി. എന്റെ രോഗം എന്റെ ആഗ്രഹങ്ങൾക്ക് തടസമായി നിൽക്കുന്നു.

ഏഴ് വർഷങ്ങളായി അല്ലാഹു ആ സഹോദരിക്ക് രുചികരമായ ഭക്ഷണം കഴിക്കുവാനുള്ള അനുഗ്രഹത്തെ എടുത്തു കളഞ്ഞു. എന്നാൽ ആ സഹോദരിക്ക് ഇത് തന്റെ തെറ്റുകൾക്കുള്ള ശിക്ഷയാണെന്ന് മനസിലാക്കാൻ സാധിച്ചില്ല.

**ഒരു ഇസ്റാഈലി പണ്ഡിതന്റെ സംഭവം**

ബനൂ ഇസ്റാഈൽ സമൂഹത്തിൽ ഒരു പണ്ഡിതൻ ഉണ്ടായിരുന്നു. അയാൾ ചില പാപങ്ങൾ ചെയ്തുകൊണ്ടിരുന്നു. എന്നാൽ പണ്ഡിതനായിരുന്നതിനാൽ തന്റെ പാപങ്ങളേക്കുറിച്ച് അദ്ദേഹം ബോധവാനായിരുന്നു. എന്നാലും പാപങ്ങളിൽ നിന്ന് ഒഴിഞ്ഞ് നിൽക്കുന്നതിന് അദ്ദേഹത്തിന് സാധിച്ചില്ല. ഒരു ദിവസം ദുആ ചെയ്യുന്നതിനിടയിൽ, യാ അല്ലാഹ് ഞാൻ പാപങ്ങൾക്ക് മേൽ പാപം ചെയ്തുകൊണ്ടിരിക്കുന്നു നീയാണെങ്കിൽ എനിക്ക് നൽകിയ അനുഗ്രഹങ്ങളിൽ ഒരു കുറവും വരുത്താതെ നിന്റെ അനുഗ്രഹങ്ങൾ എന്റെ മേൽ വർഷിച്ചു കൊണ്ടുമിരിക്കുന്നു. എന്ന് പറയുകയുണ്ടായി.

ഉടനെ അല്ലാഹു അദ്ദേഹത്തിന്റെ മനസ്സിൽ ഇൽഹാം ഏർപ്പെടുത്തുകയുണ്ടായി. അതിൽ എന്റെ അടിമേ നിന്റെ പാപങ്ങൾ കാരണമായി ഞാൻ നിനക്ക് നല്കിക്കൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾ നീ പോലും അറിയാതെ നിന്നെ വിട്ടുപോകുന്നത് നീ ശ്രദ്ധിക്കുന്നില്ലേ?, ഇത് കേട്ട് അദ്ദേഹത്തിന്റെ ഹൃദയം നടുങ്ങുകയുണ്ടായി. യാ അല്ലാഹ് എന്റെ പാപങ്ങളാൽ ഒരു അനുഗ്രഹങ്ങളും നഷ്ടപ്പെട്ടതായി എനിക്കനുഭവപ്പെട്ടില്ലല്ലോ!. നിന്റെ ഏതനുഗ്രഹമാണ് എന്നിൽ നിന്നും വിദൂരമായത്? എന്ന് അല്ലാഹുവിനോട് ആവലാതിപ്പെട്ടപ്പോൾ അല്ലാഹു ഇൽഹാം മൂലം അദ്ദേഹത്തെ അറിയിച്ചു.

എന്റെ അടിമേ, എന്ന് മുതൽ നീ പാപങ്ങളിൽ മുഴുകിക്കഴിയുന്നുവോ അന്ന് മുൽ നിനക്ക് തഹജ്ജുദിന്റെ ദുആയിൽ ഉണ്ടായിരുന്ന ഭക്തിയും, ലയിപ്പും, മാധുര്യവും നഷ്ടപ്പെട്ടതായി നീ അറിഞ്ഞില്ല, നിന്റെ

കണ്ണുകൾ കണ്ണുനീർ ഉതിർക്കാൻ മടിച്ചതും നീ ശ്രദ്ധിച്ചില്ലേ?

**കരയുന്നതും അനുഗ്രഹം**

ഈ മറുപടി ശ്രവിച്ചതും അദ്ദേഹം നടുങ്ങാനാരംഭിച്ചു. അപ്പോഴാണ് അദ്ദേഹത്തിന് ബോധമുദിച്ചത്. ഇത്രനാളും ദുആ ചെയ്യുമ്പോൾ തനിക്ക് ഹൃയപൂർവ്വം ദുആ ചെയ്യാൻ സാധിച്ചിരുന്നില്ലല്ലോ, ഇത്രനാളും തന്റെ ദുആ ഒരു ചടങ്ങ് മാത്രമായിരുന്നല്ലോ, ദുആ ചെയ്യുമ്പോൾ കരച്ചിൽ വരാതിരുന്നത് അല്ലാഹുവിന്റെ ശിക്ഷയെന്ന് എനിക്ക് മനസിലാക്കാൻ സാധിച്ചില്ലല്ലോ. എന്ന് വിതുമ്പുകയുണ്ടായി.

സഹോദരൻമാരേ, അല്ലാഹുവിനോടുള്ള ഭയത്താൽ ഈ കണ്ണുകളിൽ നിന്ന് രണ്ടിറ്റു കണ്ണുനീർ വീഴുന്നത് അനുഗ്രഹമാണെന്ന് മനസിലാക്കുക. ദുആ ചെയ്യുമ്പോൾ ചിലരുടെ കണ്ണുകൾ ഈറനണിയും, ചിലർ ഭയഭക്തിയാൽ കരച്ചിലടക്കാൻ കഴിയാതെ ഏങ്ങിക്കരയും. എന്നാൽ ചില ദുർഭാഗ്യവാന്മാർക്ക് കരയാൻ സാധിക്കുകയില്ല. അവൾ ശിലപോലെയിരിക്കും. അവരുടെ മനസ്സിൽ യാതൊരു പ്രതിഫലനവുമുണ്ടാകില്ല.

സഹോദരന്മാരേ, എന്തുകൊണ്ട് ഹൃദയം നൈർമല്യമില്ലാത്തതായിത്തീർന്നു? **എന്തുകൊണ്ട് കണ്ണുകൾ കണ്ണുനീരുതിർക്കാൻ മടിക്കുന്നു?**

ഇന്ന് നമ്മുടെ ഹൃദയങ്ങൾ പാപങ്ങൾ മൂലം കഠിനമായിപ്പോയിരിക്കുന്നു. അല്ലാഹുവിനോട് ബന്ധമില്ലാത്തതിനാൽ കണ്ണുകൾ നിറഞ്ഞൊഴുകുവാൻ മടിച്ച് നിൽക്കുന്നു.

സഹോദരൻമാരേ ജമാഅത്ത് നമസ്ക്കാരത്തിൽ ഇമാമിനോടൊപ്പം ആദ്യ തക്ബീറി (തക്ബീറത്തുത്തഹ്‌രീം) ന്റെ ഭാഗ്യം നഷ്ടമാകുന്നത് നമ്മുടെ പാപങ്ങൾ മൂലമാണെന്നുള്ളത് ആർക്കെങ്കിലും അറിയാമോ? അതുപോലെ ദിവസവും ഖുർആൻ ഓതുന്നതിന് ഭാഗ്യം ലഭിക്കാത്തതും നല്ല അമലുകൾ ചെയ്യാൻ അവസരങ്ങൾ ലഭിക്കാത്തതും നാം ചെയ്ത പാപങ്ങൾ മൂലമാണെന്നുള്ള വസ്തുത നാം ചിന്തിക്കുന്നുണ്ടോ?

എന്തുകൊണ്ടെന്നാൽ അല്ലാഹുവിന്റെ പരിശുദ്ധ വേദമായ ഖുർആൻ ഓതലും, നമസ്ക്കാരവും മറ്റ് നല്ല അമലുകളും അല്ലാഹു നമുക്ക് നല്കിയ അനുഗ്രഹങ്ങളാകുന്നു. അതിനാൽ ഏത് കാരണത്തിനാലാണ് ഈ നല്ല കാര്യങ്ങൾ നമുക്ക് നഷ്ടമാകുന്നതെന്ന് നമുക്ക് തന്നെ അറിയുകയില്ല. ഇവയെല്ലാം ഖുഫ്‌യത്തു-തദ്ബീർ എന്ന ശിക്ഷാമുറയുടെ ഉദാഹരണങ്ങളാകുന്നു.ചുരുക്കത്തിൽ നകീർ, തഅ്ഖീർ, ഖുഫ്‌യത്തു-തദ്ബീർ ഈ മൂന്നിൽ നിന്നും ഏതെങ്കിലുമൊരു വകയിൽ പാപം

ചെയ്തവന് നിശ്ചയം ശിക്ഷ ലഭിക്കുമെന്ന വിഷയത്തിൽ യാതൊരു സംശയവുമില്ല.

**ശിക്ഷയിൽ നിന്ന് രക്ഷപ്പെടാനുള്ള വഴി**

"ആര് തിന്മ പ്രവർത്തിച്ചാലും അതിനുള്ള ശിക്ഷ അവന് നല്കപ്പെടും" (4:123)

ഈ വിഷയത്തിൽ ആർക്കും യാതൊരു ഒഴിവുകഴിവുമില്ല. ചെറുപ്പക്കാർക്ക് മാത്രമേ ശിക്ഷയുള്ളൂ. വയസ്സായവർക്കില്ല, അറിവില്ലാത്തവന്മാർക്ക് മാത്രമേ ശിക്ഷയുള്ളൂ. പണ്ഡിതന്മാർക്കില്ല, പുരുഷന്മാർക്ക് മാത്രമേ ശിക്ഷയുള്ളൂ. സ്ത്രീകൾക്കില്ല, സഹോദരന്മാരേ, പാപങ്ങൾക്കുള്ള അല്ലാഹുവിന്റെ ശിക്ഷയുടെ വിഷയത്തിൽ ഈ വേർപാടുകളില്ല. പണ്ഡിതനാകട്ടെ, പാമരനാകട്ടെ, ശൈഖാകട്ടെ, വലിയ്യാകട്ടെ, ആണാകട്ടെ, പെണ്ണാകട്ടെ ആർക്കും അല്ലാഹുവിന്റെ പിടിയിൽ നിന്നും രക്ഷപെടാൻ സാധിക്കില്ല. അതിനാൽ ഇത്തരം ശിക്ഷകളിൽ നിന്ന് രക്ഷപ്പെടുന്നതിന് അത് നമ്മളിൽ എത്തിച്ചേരുന്നതിന് മുമ്പ് അല്ലാഹുവിലേക്ക് പശ്ചാത്തപിച്ച് മടങ്ങൽ മാത്രമേ രക്ഷയുള്ളൂ.

ഇമാം ശഅ്ബി (റഹ്) പറയുന്നു. മേൽ പറയപ്പെട്ട ആയത്തിൽ നിന്നും (4:123) നമുക്ക് മനസിലാകുന്നത്, പാപികൾക്ക് നിശ്ചയം ശിക്ഷയുണ്ട്. ഇതിൽ നിന്നും രക്ഷപ്പെടാൻ ഒരേയൊരു വഴിമാത്രമേയുള്ളൂ. അത് മനുഷ്യൻ താൻ ചെയ്ത, ചെയ്തുകൊണ്ടിരിക്കുന്ന തെറ്റുകളിൽ വിരക്തി ഏർപ്പെടുത്തുകയും അല്ലാഹുവിനോട് പശ്ചാത്താപവിവശരായി തൗബ ചെയ്തു അതിൽ നിന്നും പൂർണ്ണമായും ഒഴിഞ്ഞു നിൽക്കലുമാകുന്നു.

എപ്പോൾ മനുഷ്യൻ തൗബ ചെയ്തു പാപങ്ങളിൽ നിന്ന് ഒഴിഞ്ഞ് നിൽക്കുന്നുവോ, അപ്പോൾ അവന്റെ മനസ്സ് വളരെ മൃദുവാകുന്നതും പ്രകാശപൂരിതമായിത്തീരുന്നതുമാണ്.

# അദ്ധ്യായം - 3

## ഹൃദയം ഇരുളടഞ്ഞ് പോയതിന്റെ മൂന്ന് അടയാളങ്ങൾ

തെറ്റുകൾ അധികരിക്കുന്നത് മൂലം ഹൃദയം ഇരുളടഞ്ഞു കഠിനമായിത്തീരുന്നതാണ്. നമ്മുടെ ഹൃദയം പാപങ്ങൾ ചെയ്ത് ഇരുളടഞ്ഞിരിക്കുകയാണോ അതോ ഈമാനിക ചൈതന്യത്താൽ പ്രകാശപൂരിതമായിരിക്കുകയാണോ എന്ന് ചില അടയാളങ്ങൾ മൂലം മനസിലാക്കാൻ സാധിക്കുന്നതാണ്.

**ആദ്യത്തെ അടയാളം**

ഹൃദയം ഇരുളടഞ്ഞതിന്റെ ആദ്യ അടയാളം തെറ്റു ചെയ്യുമ്പോൾ മനസ്സിൽ ഉണ്ടാകുന്ന കുറ്റബോധം നീങ്ങിപ്പോകുന്നു. ആദ്യമാദ്യം അന്യസ്ത്രീകളെ നോക്കുമ്പോൾ ഹൃദയത്തിൽ ഒരു കുത്തലുണ്ടാകുമായിരുന്നു. താൻ ഹറാമാണല്ലോ നോക്കുന്നതെന്ന ഉണർവ്വുണ്ടാകുമായിരുന്നു.

എന്നാൽ ഇപ്പോൾ കണ്ണോട് കണ്ണ് നോക്കിയിരിക്കുന്നതിലും മണിക്കൂറുകൾ സംസാരിക്കുന്നതിലും ഹൃദയത്തിൽ യാതൊരു കുറ്റബോധവും തോന്നുന്നില്ല. ആദ്യമൊക്കെ ഹലാൽ ഏത് ഹറാം ഏതെന്ന് നോക്കി സൂക്ഷ്മതയോടെ പ്രവർത്തിച്ചിരുന്നു. പാപം ചെയ്യുമ്പോഴുള്ള അസ്വസ്ഥതയും കുറ്റബോധവും നീങ്ങിയതിന് ശേഷം ഹലാൽ ഹറാമിനേക്കുറിച്ചുള്ള സർവ്വ സൂക്ഷ്മതയും നഷ്ടപ്പെട്ടു. എന്നാൽ സഹോദരന്മാരേ പാപങ്ങൾ പ്രവർത്തിച്ചതിന് ശേഷം അനുഭവപ്പെടുന്ന ഈ കുറ്റബോധമാണ് മനുഷ്യനെ പല തിന്മകളിൽ നിന്നും സംരക്ഷിക്കുന്നത്. അത് കൊണ്ടാണ് നിനക്ക് നാണമോ, കുറ്റബോധമോ ഇല്ലെങ്കിൽ നീ എന്തുവേണമെങ്കിലും ചെയ്തുകൊള്ളൂ എന്ന് പറയാറുള്ളത്. ആയതിനാൽ തിന്മകൾ ചെയ്ത് ഹൃദയം ഇരുളടയുമ്പോൾ ആദ്യ അടയാളമായി തിന്മകളെക്കുറിച്ചുള്ള ഉണർവ്വുകളും കുറ്റബോധവും നഷ്ടമാകുന്നു.

**രണ്ടാമത്തെ അടയാളം**

ഹൃദയം ഇരുളടഞ്ഞതിന്റെ രണ്ടാമത്തെ അടയാളം ഇബാദത്തുകൾ (ആരാധനകൾ) ചെയ്യുന്നതിലും മറ്റ് നല്ല കർമ്മങ്ങൾ അനുഷ്ഠിക്കുന്നതിലും ഒരു വിധ ഭാരം അനുഭവപ്പെടലാകുന്നു. കുറച്ച് നേരം ഖുർആൻ ഓതിയാൽ വിരസത തോന്നുന്നു, രണ്ട് റക്അത്ത് നമസ്ക്കരിക്കുമ്പോഴേ മനം മടുക്കുന്നു, ഇപ്രകാരം ഇബാദത്തുകൾ വലിയ

ഭാരമായി അനുഭവപ്പെടുകയാണെങ്കിൽ മനസിലാക്കിക്കൊള്ളുക, താങ്ക ളുടെ ഹൃദയം ഇരുളടഞ്ഞിരിക്കുന്നു.

**മൂന്നാമത്തെ അടയാളം**

മൂന്നാമത്തെ അടയാളം ഉപദേശങ്ങൾ ഭാരമായി അനുഭവപ്പെ ടും, ഇതുമൂലം ആരെകൊണ്ടും ഉപദേശിച്ച് മനസിലാക്കാൻ സാധി ക്കാത്ത അവസ്ഥയിലേക്കവൻ തള്ളപ്പെടുന്നു. ചിലപ്പോൾ മാതാപി താക്കൾ കുട്ടികളെ ഉപദേശിച്ച് മാറ്റുവാൻ ശ്രമിക്കുമ്പോൾ അവർ അതിന് ചെവികൊടുക്കാതെ മാതാപിതാക്കളോട് കയർക്കുന്നു. അവരുടെ ഉപ ദേശങ്ങൾക്ക് കാത് കൊടുക്കുകയില്ലെന്ന് മാത്രമല്ല തങ്ങളെയാരും ഉപ ദേശിക്കേണ്ട ആവശ്യമില്ലെന്ന് പറഞ്ഞ് മാതാപിതാക്കളോട് വഴക്കടി ക്കുന്നവരുമുണ്ട്.

ഇതുതന്നെ നന്മകൾക്ക് വഴികൊടുക്കാതെ ഹൃദയം ഇരുളട ഞ്ഞുപോയി എന്നതിന്റെ അടയാളമാണ്. അതുകൊണ്ട് തന്നെ ഇന്നത്തെ യുവാക്കൾക്ക് മാതാപിതാക്കളെ ഒട്ടും പിടിക്കുകയില്ല. അവർ എല്ലാ കാര്യങ്ങളും മോശമാണെന്നും തെറ്റാണെന്നും പറഞ്ഞ് തടുക്കു ന്നു. അത് ചെയ്യ്, ഇത് ചെയ്യ് ഇതു ചെയ്യാതെ എന്ന് പുലമ്പിക്കൊണ്ടി രിക്കുന്നു. ഇരുട്ടും മുമ്പ് വീട്ടിലെത്തണം, കൂട്ടുകാരോടൊപ്പം അധികനേരം ചുറ്റിക്കറങ്ങരുത്, ഇങ്ങനെയുള്ള നിബന്ധനകളാൽ തങ്ങളെ വീട്ടിൽ തളച്ചിടാൻ ശ്രമിക്കുന്നു. ഇങ്ങനെ പോകുന്നു പരാതി കൾ, അടിക്കടി ഉപദേശം ചെയ്യുന്നതിനാൽ അവർക്ക് മാതാപിതാക്കളെ ഇഷ്ടപ്പെടുന്നില്ല. എപ്പോൾ മനുഷ്യന് ഉപദേശങ്ങൾ ഭാരമായിത്തീരു ന്നുവോ അപ്പോൾ അവന്റെ ഹൃദയം ഇരുളടഞ്ഞിരിക്കുന്നുവെന്നതിന്റെ അടയാളമാണ്.

നമ്മുടെ മുൻഗാമികളായ മഹാന്മാരുടെ അവസ്ഥകൾ ഈ വിഷ യത്തിൽ മാതൃകാപരമായിരുന്നു. ഹസ്രത്ത് ഉമർ (റ) അവർകൾ പറ യുമായിരുന്നു. ആരെങ്കിലും എന്നിലുള്ള കുറവുകളെ എനിക്ക് മനസി ലാക്കിത്തന്നാൽ അവർക്ക് ഖിയാമത്ത് നാളിൽ പരിപൂർണ രക്ഷ ലഭി ക്കുന്നതിന് വേണ്ടി ഞാൻ ദുആ ചെയ്യുന്നതാണ്.

കുറവുകളെ ചൂണ്ടിക്കാണിച്ചാൽ മനോവിഷമം ഏർപ്പെടുന്ന നമ്മുടെ ഈമാനികാവസ്ഥയും ആ മഹാരഥൻമാരുടെ ഉയർന്ന അ വസ്ഥകൾക്കുമിടയിൽ എത്രയോ അന്തരമുണ്ട്?

**ഹൃദയം പ്രകാശപൂരിതമായിരിക്കുന്നതിന്റെ അടയാളങ്ങൾ**

പാപങ്ങളാൽ ഹൃദയം ഇരുളടഞ്ഞിരിക്കുന്നതിന് ചില അടയാ ളങ്ങൾ ഉള്ളത്പോലെ ഈമാനിന്റെ ചൈതന്യത്താൽ ഹൃദയം പ്രകാ ശപൂരിതമായിരിക്കുന്നതിനും ചില അടയാളങ്ങളുണ്ട്.

**മുഖത്തിന്റെ പ്രകാശം**

ഹൃദയം പ്രകാശപൂരിതമായിരിക്കുന്നവരുടെ മുഖങ്ങളിൽ പ്രത്യേകമായ ഒരു ശോഭ കാണാൻ സാധിക്കുന്നതാണ്. നിശ്ചയമായും ഹൃദയത്തിലെ ഈമാനിക തേജസ്സ് മുഖത്ത് ദർശിക്കാൻ സാധിക്കും.

**ഇളംകാറ്റിന്റെ തലോടൽപോലെ**

ഈമാനിക തേജസ്സ് സ്ഫുരിക്കുന്ന ആ നല്ല അടിമകളുടെ മുഖങ്ങളിൽ നോക്കുന്നതു മൂലം മനഃസമാധാനവും സന്തോഷവും ലഭിക്കുന്നതാണ്. അല്ലാഹുവിന്റെ നല്ല അടിമകളുടെ മുഖങ്ങളിൽ മാത്രമേ ഇപ്രകാരം പ്രകാശവും തേജസ്സും പ്രകടമാവുകയുള്ളൂ. ഞാൻ എന്റെ സുഹൃത്തുക്കളോട് ഇപ്രകാരം പറയാറുണ്ട്. നിങ്ങൾ സത്ഗുണ സമ്പന്നരായ അല്ലാഹുവിന്റെ നല്ല അടിമകളുടെ മുഖങ്ങളെ ദർശിക്കുക, ഇളം കാറ്റിന്റെ തലോടൽ പോലെ നിങ്ങളുടെ ഹൃദയങ്ങളിൽ സന്തോഷം നിറയുന്നതാണ്; മനസിന് കുളിർമയും സമാധാനവും ലഭിക്കുന്നതാണ്.

**പൂച്ചയെ പോലുള്ളവർ**

അതേ സമയം പോപ് താരങ്ങളുടേയും, സിനിമാ സീരിയൽ താരങ്ങളുടേയും മുഖങ്ങളെ ശ്രദ്ധിച്ചിട്ടുണ്ടോ? അവരുടെ വ്യത്യസ്തമായ മുടിയും, ചായം തേച്ച് മിനുക്കിയ വികൃത മുഖങ്ങളും, നാണിപ്പിക്കുന്ന തരത്തിലുള്ള ആഭാസകരമായ വേഷവിധാനവും അവരുടെ ഭാവനകളും, ആംഗ്യങ്ങളുമെല്ലാം പൂച്ചയെപ്പോലെ കപട ലക്ഷണങ്ങൾ ഉള്ളതാണ്. ഇവർ പണവെറിയിൽ അലഞ്ഞ് തിരിഞ്ഞ് മനഃസമാധാനമില്ലാതെ ജീവിതം കഴിച്ചു കൂട്ടുന്നവരാണെന്ന് ഇവരെ കണ്ടമാത്രയിൽ തന്നെ മനസിലാക്കാവുന്നതാണ്.

ഹൃദയത്തിൽ ഈമാനിക ചൈതന്യവും മുഖത്ത് ഈമാനിക തേജസ്സും ശാന്തതയും സന്തോഷവും നിറഞ്ഞിരിക്കുന്നത് നന്മയുടെ ലക്ഷണങ്ങളാണ്. ഇപ്രകാരമുള്ള നല്ല അടിമകളുടെ ജീവിതസംബന്ധിയായ എല്ലാ പ്രശ്നങ്ങൾക്കും അല്ലാഹു തന്നെ സഹായിയായി വർത്തിക്കുന്നു. ഇക്കൂട്ടരെ അല്ലാഹു തആല ഒരിക്കലും പ്രശ്നങ്ങളിൽ അകപ്പെടുത്തി നെട്ടോട്ടമോടിക്കുകയില്ല.

**പന്തയക്കുതിര കാളവണ്ടിയിലോ?**

നിങ്ങൾ പല വിധത്തിലുള്ള കുതിരകളെ കണ്ടിട്ടുണ്ടാകും. അവയിൽ സാധാരണ കുതിരകളെ ഇരുപത് അല്ലെങ്കിൽ ഇരുപത്തയ്യായിരം രൂപയ്ക്ക് വാങ്ങുവാൻ സാധിക്കും. മറ്റു ചില ആകർഷണീയമായ വെള്ള നിറത്തിലുള്ള കുതിരകൾക്ക് ലക്ഷങ്ങൾ വിലമതിക്കും. ചിലത് 15 ലക്ഷം മറ്റു ചിലത് 50 ലക്ഷം. ഇങ്ങനെ വില തരത്തിനനുസരിച്ച് കൂടും.

എന്നാൽ കുതിരപന്തയങ്ങളിൽ റെക്കോർഡുകൾ ഭേദിക്കുന്ന അതിവേഗകുതിരകൾക്ക് കോടികളാണ് മതിപ്പ്. അതിന് പ്രത്യേകമായ പരിചരണവും പരിഗണനയും ലഭിക്കുന്നു. ഇപ്രകാരമുള്ള ഒരു കുതിരയുടെ ഉടമസ്ഥന്റെയടുത്ത് ഒരാൾ വന്നിട്ട് സഹോദരാ താങ്കളുടെ ഈ വിലയുയർന്ന കുതിരയെ ഒന്നു തരുമോ? എന്റെ കാളവണ്ടിയിൽ കെട്ടാൻ വേണ്ടിയാണ്? എന്ന് ചോദിച്ചാൽ ഉടമസ്ഥന്റെ പ്രതികരണമെന്തായിരിക്കുമെന്ന് നമുക്ക് ഊഹിക്കാവുന്നതാണല്ലോ. ഹും മാറയാ ഞാൻ കോടിക്കണക്കിന് വില കൊടുത്തു വാങ്ങിയ കുതിരയാണിത്. അതുമാത്രമല്ല കുതിരപ്പന്തയത്തിൽ ലോകറെക്കോർഡ് വാങ്ങിയതാണിത്. ഇതിനെ ഞാൻ നിന്റെ വൃത്തികെട്ട കാളവണ്ടിയിൽ കെട്ടാൻ തരണമെന്നോ? ഹും, പോയ്ക്കോ എന്റെ മുമ്പിൽ എന്ന് പറഞ്ഞ് ആട്ടിപ്പായിക്കുക തന്നെ ചെയ്യും.

സഹോദരന്മാരേ, വിലയുയർന്ന പന്തയങ്ങളിൽ വെന്നിക്കൊടി നാട്ടിയ കുതിരയെ അതിന്റെ ഉടമസ്ഥൻ കേവലമൊരു കാളവണ്ടിയിൽ കെട്ടി അതിന്റെ അന്തസ്സ് കുറക്കുവാൻ ഇഷ്ടപ്പെടുകയില്ലയോ, അതുപോലെ അല്ലാഹു തആലാ നന്മകളിൽ മുഴുകിക്കഴിയുന്ന, അല്ലാഹുവിന്റെ ദീനിനായി പാടുപെടുന്ന നല്ല അടിമകളെ ദുൻയാവെന്ന കേവലമായ കാളവണ്ടിയിൽ കോർത്ത് പ്രശ്നങ്ങളിൽ കുടുക്കുന്നതിനേയും അവരുടെ അഭിമാനത്തിന് ക്ഷതം വരുത്തുന്നതിനേയും അല്ലാഹു ഇഷ്ടപ്പെടുകയില്ല. നിശ്ചയം അല്ലാഹു അവരെ ജീവിത പ്രശ്നങ്ങളിലും ദുരിതങ്ങളിലും ആഴ്ത്തി അലഞ്ഞുതിരിയാൻ വിടുകയില്ല.

**അല്ലാഹുവിന്റെ താൽപര്യവും നമ്മുടെ താല്പര്യവും**

ലോകാനുഗ്രഹി മുഹമ്മദ് (സ) യുടെ പരിശുദ്ധ വചനം ഹൃദയത്തിൽ പതിപ്പിച്ചുകൊള്ളുവാൻ അല്ലാഹു പറയുന്നു. എന്റെ അടിമേ, ഒന്ന് നിന്റെ താല്പര്യങ്ങൾ-മറ്റൊന്ന് എന്റെ താല്പര്യങ്ങൾ, നിന്റെ താല്പര്യങ്ങൾക്കനുസരിച്ച് പ്രവർത്തിക്കണമെന്ന് നീ വിചാരിച്ചാൽ നിന്റെ പ്രവർത്തനങ്ങളെ നാം മരവിപ്പിക്കുന്നതാണ്. നിനക്ക് നിന്റെ ഇഷ്ടത്തിനനുസരിച്ച് കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ സാധ്യമല്ല. ആയതിനാൽ നീ എന്റെ താത്പര്യങ്ങൾക്കനുസൃതമായി നിന്റെ പ്രവർത്തനങ്ങൾ ആക്കിക്കൊള്ളുക. എന്റെ പൊരുത്തവും ഇഷ്ടവും മുൻനിർത്തി നീ പ്രവർത്തിക്കുക. ഇപ്രകാരം ചെയ്താൽ എന്റെ അടിമേ, ഞാൻ നിന്റെ താതപര്യങ്ങളേയും പൂർത്തീകരിച്ച് തരുന്നതാണ്. നിന്റെ വിഷയങ്ങൾ ഞാൻ എളുപ്പമാക്കിത്തരുന്നതാണ്. എന്ന് അല്ലാഹു വാക്കു തരുന്നു.

ജീവിതച്ചുഴിയിൽ കിടന്ന് കൈകാലിട്ടടിക്കുന്നവരേ, പ്രശ്നക

ലുഷിതമായ ജീവിതത്താൽ മനഃസമാധാനം നഷ്ടപ്പെട്ട് ഏങ്ങിക്കൊണ്ടിരിക്കുന്നവരേ, ജീവിതം നരകതുല്യമാകാതെ ശാന്തിയും സമാധാനവും സ്വസ്ഥതയും നിറഞ്ഞതാകാൻ അല്ലാഹുവിന്റെ താത്പര്യങ്ങൾക്ക് മുൻഗണന നൽകുക, അവന്റെ പൊരുത്തത്തെയും, ഇഷ്ടത്തേയും നേടുവാനുതകുന്ന പ്രവർത്തനങ്ങളിൽ വ്യാപൃതരാകുക. ഇപ്രകാരം അനുവർത്തിച്ചാൽ അതിന്റെ പ്രതിഫലനങ്ങൾ അനുഭവിച്ചറിയാൻ സാധിക്കുന്നതാണ്.

**ഹൃദയങ്ങൾ ഉരുകട്ടെ!**

സഹോദരൻമാരേ, നാം ആരംഭത്തിൽ പ്രതിപാദിച്ച ഖുർആൻ ആയത്തിൽ "ആര് തിന്മ പ്രവർത്തിച്ചാലും അതിനുള്ള പ്രതിഫലം അവന് നൽകപ്പെടും" (4:123) എന്ന് അല്ലാഹു പ്രസ്താവിച്ചത് മൂലം ആര് തിന്മ പ്രവർത്തിച്ചാലും അതിന് ശിക്ഷ നിശ്ചയം ലഭിക്കുന്നതാണെന്ന വിഷയം സംശയാതീതമാണ്. അപ്പോൾ എന്തു ശിക്ഷയാണ് ലഭിക്കുന്നത്? അല്ലാമാ ശഅ്ബി (റഹ്) ഈ ആയത്തിന്റെ വിവരണത്തിൽ ഇപ്രകാരം എഴുതുന്നു, പാപങ്ങൾക്കുള്ള ശിക്ഷ വെന്തുരുകുക എന്നതാകുന്നു. ആര് പാപം ചെയ്താലും അവൻ നരകാഗ്നിയുടെ രുചി അറിയുക തന്നെ വേണം. ശ്രദ്ധിക്കുക ആര് വൻപാപങ്ങളിൽ മുഴുകിക്കഴിയുന്നുവോ, അവൻ ആളിക്കത്തുന്ന നരകത്തിന്റെ വിറകായിത്തീരുന്നതാണ്.

എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായി ഒരുവൻ തന്റെ പാപങ്ങളെക്കുറിച്ചുള്ള കുറ്റബോധത്താൽ പശ്ചാത്താപവിവശനായി പാപങ്ങൾ ചെയ്ത് കഠിനമായിപ്പോയ തന്റെ ഹൃദയത്തെ അല്ലാഹുവിനോടുള്ള ഭയത്തിന്റെ മുൾച്ചൂടിൽ ഉരുകുന്നതാക്കിയാൽ അതിന് പകരം അല്ലാഹു അവനെ ആഖിറത്തിലെ നരകാഗ്നിയിൽ നിന്നും സംരക്ഷിക്കുന്നതാണ്.

ആയതിനാൽ നാം ചെയ്തുപോയ എല്ലാ പാപങ്ങളും അല്ലാഹുവിന്റെ സന്നിധിയിൽ ഏറ്റ് പറഞ്ഞ് അവനിലേക്ക് പശ്ചാത്തപിച്ച് മടങ്ങണം. പാപങ്ങളെക്കുറിച്ചോർത്ത് നമ്മുടെ ഹൃദയത്തിൽ ഖേദവും കുറ്റബോധവും ഉണ്ടാകണം. യാ അല്ലാഹ് ഞാൻ ധാരാളം തെറ്റുകൾ ചെയ്തുപോയി തമ്പുരാനെ, എന്റെ തെറ്റുകൾ നീ മാപ്പാക്കിത്തരേണമേ, എന്നെ നീ സ്വീകരിക്കേണമേ എന്ന് കേണപേക്ഷിച്ച് കൊണ്ടിരിക്കുന്നവന്റെ ഹൃദയം ഇലാഹീ സ്മരണയാൽ സജീവമായിക്കൊണ്ടിരിക്കുന്നതാണ്. നമ്മളിൽ നിന്നും ഇത്തരമൊരു പരിശ്രമം കൂടിയില്ലെങ്കിൽ നാളെ നരകശിക്ഷയുടെ രുചി അനുഭവിക്കേണ്ടിവരുന്നതാണ്.

ദുആകൾ സ്വീകരിക്കപ്പെടുന്ന മുബാറക്കായ നേരങ്ങളിൽ നമുക്ക് ദുആ ചെയ്യാം, അല്ലാഹുവിനെ തൃപ്തിപ്പെടുത്താം. ഇപ്രകാരം

നരകശിക്ഷയിൽ നിന്ന് നമ്മെ സംരക്ഷിക്കാം. ഇൻഷാ അല്ലാഹ്, അല്ലാഹു നമ്മുടെ ദുആകളെയെല്ലാം ഖബൂൽ ചെയ്ത് നരക ശിക്ഷയിൽ നിന്നും സംരക്ഷിക്കുമാറാകട്ടെ ആമീൻ. അൽഹംദുലില്ലാഹ്.

**ദുആ ചെയ്യുന്നതിന്റെ മര്യാദകൾ**

അല്ലാഹുവിന്റെ 'അസ്മാഉൽ ഹുസ്നാ' (ഉത്കൃഷ്ടമായ നാമങ്ങൾ) കൊണ്ട് ദുആ ചെയ്യുന്നതുമൂലം അത് സ്വീകാര്യയോഗ്യമായിത്തീരുന്നതാണ്. അല്ലാഹു പറയുന്നു. "അല്ലാഹുവിന് ഉത്കൃഷ്ടമായ നാമങ്ങളുണ്ട്. അതിനെ കൊണ്ട് നിങ്ങൾ നിങ്ങളുടെ റബ്ബിനോട് പ്രാർത്ഥിക്കുക". (7: 180)

ഇതിൽ മുഖ്യമായ വിഷയം ഈ പറയപ്പെട്ട പേരുകളിൽ ഒരു പേരിനെ 'ഇസ്മുൽ അഅ്ളം' എന്ന് പറയപ്പെടുന്നു. പരിശുദ്ധ ഹദീസിൽ ഇസ്മുൽ അഅ്ളം കൊണ്ട് ദുആ ചെയ്യുന്നവരുടെ ദുആ ഉടനെ സ്വീകരിക്കപ്പെടുന്നതാണ് എന്ന് വന്നിരിക്കുന്നു.

**ഇസ്മുൽ അഅ്ളം ഏത്?**

അല്ലാഹുവിന് അഴകേറിയ 99 നാമങ്ങളുണ്ട്. അപ്പോൾ അതിൽ ഏതാണ് ഇസ്മുൽ അഅ്ളം എന്നതിൽ അഭിപ്രായ വ്യത്യാസമുണ്ട്. 'യാഹയ്യു യാഖയ്യൂം' എന്ന ഇരുനാമങ്ങളാണവയെന്ന് ചിലർ അഭിപ്രായപ്പെടുന്നു. അല്ലാഹ് എന്ന പേരുതന്നെയാണ് ഇസ്മുൽ അഅ്ളം എന്ന് ഇമാം അബൂഹനീഫ (റഹ്) അവർകൾ അഭിപ്രായപ്പെടുന്നു. അപ്പോൾ ഈ പേര് (അല്ലാഹ്) കൊണ്ട് തന്നെയല്ലേ എല്ലാവരും ദുആ ചെയ്യുന്നത്? എന്ന് ഇമാമവർകളോട് ചോദിച്ചു. ഇമാമവർകൾ അപ്പോൾ ഇപ്രകാരം മറുപടി പറഞ്ഞു. ആരുടെ ഹൃദയത്തിൽ അല്ലാഹു അല്ലാത്തവരുടെ തൃപ്തി കടന്ന് കൂടാതെ അല്ലാഹുവിന്റെ സ്നേഹത്താൽ നിറഞ്ഞതാകുമോ അപ്രകാരമുള്ളവരുടെ ദുആയെ അവൻ തള്ളിക്കളയുന്നതല്ല.

നമ്മുടെ ദുആകൾ സ്വീകരിക്കപ്പെടുന്നില്ലെങ്കിൽ അതിന് കാരണം നമ്മുടെ ഹൃദയങ്ങളിൽ കുടികൊണ്ടിരിക്കുന്ന ഭൗതികമോഹവും വിശ്വാസത്തിലുള്ള ബലഹീനതയുമാണ്. എപ്പോൾ മനസ്സ് എല്ലാവിധ മാലിന്യങ്ങളിൽ നിന്നും മുക്തമായി അല്ലാഹുവിനോടുള്ള പ്രേമത്താൽ അലങ്കരിക്കപ്പെടുമോ, അപ്പോൾ നാവിൽ നിന്ന് വരുന്ന അല്ലാഹ് എന്ന പേര് കൊണ്ട് ചോദിക്കപ്പെടുന്ന ദുആകളൊന്നും അവൻ തള്ളിക്കളയുകയില്ലായെന്നും പറയുകയുണ്ടായി.

ആയതിനാൽ നമുക്ക് അല്ലാഹ് എന്ന പരിശുദ്ധ നാമത്തെകൊണ്ട് ദുആ ചെയ്യാം. ഹൃദയം തുറന്ന് ചോദിക്കാം, വീണ്ടും വീണ്ടും

ചോദിക്കാം, ഇനി അല്ലാഹ് എന്ന പരിശുദ്ധ നാമം ഇസ്മുൽ അഅ്ളം അല്ലെങ്കിൽ നാം 99 പരിശുദ്ധ നാമങ്ങളെകൊണ്ടും ദുആ ചെയ്താൽ ഇസ്മുൽ അഅ്ളം അവയിൽ ഏതെങ്കിലുമൊന്നായിരിക്കുമല്ലോ? ഇതുമൂലം നാം 99 പേരുകൾ കൊണ്ടും ദുആ ചെയ്യുമ്പോൾ അവയിൽ ഏതെങ്കിലുമൊന്ന് ഇസ്മുൽ അഅ്ളമാകുന്ന കാരണത്താൽ നമ്മുടെ ദുആകൾ ഖബൂലാകുന്നതാണ്.

പരിശുദ്ധ ഖുർആനിൽ നിങ്ങളുടെ നാഥനെ വിളിച്ച് പ്രാർത്ഥിക്കുക പതുക്കെയും, ശബ്ദത്തിലും, ഹൃദയം നടുങ്ങിയും വിളിച്ച് പ്രാർത്ഥിക്കുക എന്നു വന്നിരിക്കുന്നു. ആകയാൽ പതുക്കെയും, ശബ്ദത്തിലും അല്ലാഹുവിനോട് ദുആ ചെയ്യാൻ അനുമതിയുണ്ട്.

എപ്രകാരം ഒരു അപകടത്തിൽപ്പെട്ടവർ ഹൃദയം നൊന്തു മറ്റുള്ളവരുടെ സഹായത്തിനായി കേഴുമോ, ആത്മാർത്ഥമായി കരുണ പ്രതീക്ഷിച്ച് ഉള്ളുരുകി വേദനയോടെ അഭ്യർത്ഥിക്കുമോ അപ്രകാരം നമുക്കും അല്ലാഹുവിനെ വിളിച്ച് പ്രാർത്ഥിക്കാം.

**കൊച്ചുകുട്ടി മാതാവിനോട് കേഴുന്നതു പോലെ...**

കൊച്ചുകുട്ടികൾ തങ്ങളുടെ ഉമ്മമാരെ എപ്പോഴും ഉമ്മാ ഉമ്മാ എന്ന് വിളിച്ച് കരഞ്ഞ് നടക്കുന്നു. അവരുടെ ഈ കരച്ചിലിനിടയിൽ തന്നെ ആരെല്ലാം ശ്രദ്ധിക്കുന്നുവെന്നോ, വീട്ടിൽ ആരെല്ലാം വന്നിരിക്കുന്നുവെന്നോ ശ്രദ്ധിക്കാറില്ല. അവരുടെ പിതാവ്, സഹോദരൻ, സഹോദരി, ആരെല്ലാം ഉണ്ടായിരുന്നാലും അവർ ഉമ്മാമാർ അടുത്ത് വരുന്നത് വരെ കരയുന്നതാണ്. അതുപോലെ നമുക്ക് എല്ലാവരേയും മറന്ന് അല്ലാഹുവിനെ മാത്രം മനസ്സിൽ ധ്യാനിച്ച് അവന്റെ തൃപ്തി മാത്രം ലക്ഷ്യം വെച്ച് കരയാം.

നമ്മൾ എപ്രകാരം ഉമ്മാ ഉമ്മാ എന്ന് വിളിച്ച് കരയുമ്പോൾ മാതാവിന് കരുണ തോന്നുമോ അതുപോലെ അല്ലാഹ് അല്ലാഹ് എന്ന നമ്മുടെ ഹൃദയപൂർവ്വമായ വിളിയിൽ മാതാവിനേക്കാളും കരുണയും സ്നേഹവും നിറഞ്ഞ അല്ലാഹുവിന് നമ്മുടെ മേൽ നിശ്ചയം കരുണ തോന്നുന്നതാണ്. അതിനാൽ ആദ്യം ഇസ്മുൽ അഅ്ളം ഓതാം. ശേഷം നമ്മുടെ സഹോദരീ സഹോദരൻമാർക്കായി ദുആ ചെയ്യാം. അല്ലാഹു നമ്മുടെ ദുആകളെ സ്വീകരിക്കുമാറാകട്ടെ!. എന്നാൽ ദുആ ചെയ്യുമ്പോൾ നമ്മെ മറ്റുള്ളവർ ശ്രദ്ധിക്കുമെന്ന ചിന്ത ഒരിക്കലും ഉണ്ടാകാൻ പാടില്ല. കാരണം ശൈത്വാനും നമ്മുടെ നഫ്സും മറ്റുള്ളവർ നമ്മളെ ശ്രദ്ധിക്കുന്നുവെന്ന മോശമായ ചിന്തകൾ ഉണ്ടാക്കുകയും നമ്മുടെ ദുആകളുടെ ആത്മാർത്ഥത നഷ്ടപ്പെടുത്തുകയും ചെയ്യുന്നതാണ്.

**വധശിക്ഷ വിധിക്കപ്പെട്ടവനെപ്പോലെ**

വധശിക്ഷ വിധിക്കപ്പെട്ടവൻ ശിക്ഷയെകുറിച്ച് കേട്ട് കഴിയുമ്പോൾ പൊട്ടിക്കരയുന്നത് നാം കണ്ടിട്ടുണ്ട്. അപ്പോൾ തന്നെ എല്ലാവരും ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നുവെന്ന ചിന്ത അവനുണ്ടാകുമോ? അവൻ തനിക്ക് ലഭിക്കാനിരിക്കുന്ന ശിക്ഷയുടെ ഭയാനകതയെ ഓർത്ത് കരയുന്നു, അത്പോലെ ഒരു മാതാവ് തന്റെ കുഞ്ഞ് മരണപ്പെട്ടാൽ എത്ര മാത്രം കരയുന്നതാണ്. അപ്പോൾ തന്നെയെല്ലാവരും ശ്രദ്ധിക്കുന്നുണ്ട് എന്ന ചിന്തയുണ്ടാകുമോ?

അതുപോലെ ആര് തന്റെ തെറ്റുകളെക്കുറിച്ചുള്ള ഖേദത്താൽ ഹൃദയമുരുകി അല്ലാഹുവിനോട് പശ്ചാത്തപിക്കുമോ അവൻ മറ്റുള്ളവരെ ശ്രദ്ധിക്കുകയില്ല. ദുആകൾ ഖബൂലാകുന്ന സമയങ്ങളിൽ അവൻ അല്ലാഹുവിനോട് ദുആ ചെയ്തുകൊണ്ടിരിക്കുന്നതാണ്.

അതിനാൽ കുറച്ച് നേരം നാം നമ്മെത്തന്നെ മറന്ന്, ആരാണ് സംസാരിക്കുന്നത്, ആരാണ് കരയുന്നത്, ആര് കരയുന്നില്ല, എന്നൊന്നും ശ്രദ്ധിക്കാതെ നാം നമ്മുടെ കൈകൾ അവനിലേക്ക് നീട്ടി പ്രാർത്ഥിക്കാം. അല്ലാഹു നമ്മുടെ പാപങ്ങളെയെല്ലാം മാപ്പാക്കി അവന്റെ പരിശുദ്ധ ദാസൻമാരിൽ ഉൾപ്പെടുത്തുമാറാകട്ടെ; നാം ചെയ്യുന്ന ദുആകൾ നമ്മുടെ ഹൃദയങ്ങളിൽ നിന്നും പുറപ്പെട്ട് അല്ലാഹുവിന്റെ ദർബാർ വരെ എത്തിച്ചേരുന്ന രീതിയിൽ ആത്മാർത്ഥവും ഹൃദയംഗവുമായിരിക്കേണ്ടതാണ്.

**മനസ്സിനെ ഏകാന്തമാക്കാം**

കുറച്ചുനേരം അല്ലാഹുവിനെ മനസ്സിൽ ധ്യാനിച്ച് ഏകാഗ്രതയോടെ കണ്ണുകൾ മൂടി തലകുനിച്ചിരിക്കുക. അല്ലാഹുവിന്റെ റഹ്മത്ത് നമ്മുടെ മേൽ വർഷിച്ചുകൊണ്ടിരിക്കുന്നുവെന്ന് കരുതുക. അവ നമ്മുടെ ഹൃദയങ്ങളിലേക്ക് പ്രവേശിക്കുന്നുവെന്നും കരുതുക. നമ്മുടെ മനസ്സിൽ കടന്നുകൂടിയ അനീതികളും കപടതകളും, ദുഷ്ചിന്തകളും നീങ്ങിപ്പോകുന്നതായി കരുതുക. മനസ്സിൽ അല്ലാഹ്, അല്ലാഹ് എന്ന് മന്ത്രിക്കുക. നിങ്ങളുടെ പാപങ്ങളെ മനസ്സിൽ ഓർത്ത് കൊണ്ട് കുറ്റബോധത്തോടെ പശ്ചാത്തപിക്കുക.

ബലഹീനനായ അടിമയായി അല്ലാഹുവിന്റെ മുന്നിൽ കൈ ഉയർത്തുക, ഇനി ദുആ ചെയ്യുവാൻ ആരംഭിക്കുക. അല്ലാഹു തആലയുടെ പരിശുദ്ധ നാമങ്ങളെ ഓതാൻ ആരംഭിക്കുന്നു. എപ്രകാരം ഒരു കൊച്ചുകുട്ടി ഉമ്മാ, ഉമ്മാ, എന്ന് വിളിച്ച് കരയുമ്പോൾ മാതാവിന്റെ ഹൃദയം മൃദുലമായി കരുണ നിറഞ്ഞതാകുമോ, അപ്രകാരം നിങ്ങൾ നിങ്ങളുടെ നാഥന്റെ പരിശുദ്ധനാമങ്ങൾ ഉച്ചരിച്ച് കരുണക്കടലായ

അവന്റെ ദർബാറിന്റെ വാതിലുകളെ തട്ടുക. നിശ്ചയം അത് തുറക്കപ്പെടുന്നതാണ്.

ദുആ

യാഅല്ലാഹ്, സർവ്വലോക പരിപാലകനെ, ഞങ്ങളുടെ രക്ഷിതാവേ, നിന്റെ മുന്നിൽ ലോകത്തെ എല്ലാ ഭരണാധികാരികളും തല കുനിക്കേണ്ടി വരും യാ അല്ലാഹ്, നിന്റെ പാപികാളായ ഈ അടിമകളും നിന്റെ കരുണയുടെ വാതിലിൽ തല കുനിച്ച് നിൽക്കുന്നു. നീ ഞങ്ങളുടെ മേൽ കരുണ കാട്ടി ഞങ്ങളുടെ പാപങ്ങളെയെല്ലാം മാപ്പാക്കി ഞങ്ങൾ നിന്നോട് ചോദിക്കുന്ന എല്ലാ കാര്യങ്ങളും നീ ഖബൂലാക്കേണമേ.

بِسْمِ اللّٰهِ الرَّحْمَانِ الرَّحِيمِ

هُوَ اللّٰهُ الَّذِي لَا اِلٰهَ اِلَّا هُوَ

| | | |
|---|---|---|
| الرَّحْمٰنُ | الرَّحِيمُ | الْمَلِكُ |
| الْقُدُّوسُ | السَّلَامُ | الْمُؤْمِنُ |
| الْمُهَيْمِنُ | الْعَزِيزُ | الْجَبَّارُ |
| الْمُتَكَبِّرُ | الْخَالِقُ | الْبَارِئُ |
| الْمُصَوِّرُ | الْغَفَّارُ | الْقَهَّارُ |
| الْوَهَّابُ | الرَّزَّاقُ | الْفَتَّاحُ |
| الْعَلِيمُ | الْقَابِضُ | الْبَاسِطُ |
| الْخَافِضُ | الرَّافِعُ | الْمُعِزُّ |

المُذِلُّ السَّميعُ البَصيرُ

الحَكَمُ العَدْلُ اللَّطيفُ

الخَبيرُ الحَليمُ العَظيمُ

الغَفُورُ الشَّكُورُ العَلِيُّ

الكَبيرُ الحَفيظُ المُقيتُ

الحَسيبُ الجَليلُ الكَريمُ

الرَّقيبُ المُجيبُ الواسِعُ

الحَكيمُ الوَدُودُ المَجيدُ

الباعِثُ الشَّهيدُ الحَقُّ

الوَكيلُ القَوِيُّ المَتينُ

الوَلِيُّ الحَميدُ المُحْصِي

المُبْدِئُ المُعيدُ المُحيِي

المُميتُ الحَيُّ القَيُّومُ

الواجِدُ الماجِدُ الواحِدُ

الأَحَدُ الصَّمَدُ القادِرُ

المُقَدِّمُ المُؤَخِّرُ الأَوَّلُ

الآخِرُ الظَّاهِرُ الباطِنُ

الوالِي المُتَعالِي البَرُّ

التَّوَّابُ المُنْتَقِمُ العَفُوُّ

الرَّؤُفُ مالِكُ المُلْكِ ذُوالْجَلَالِ

وَالإِكْرامِ المُقْسِطُ الجامِعُ

الغَنِيُّ المُغْنِي المانِعُ

الضَّارُّ النَّافِعُ النُّورُ

الهادِي البَدِيعُ الباقِي

الوارِثُ الرَّشِيدُ الصَّبُورُ

യാഅല്ലാഹ്, നിന്റെ അടിമകളായ ഞങ്ങൾ ബാഹ്യമായി നല്ലവരും എന്നാൽ ആന്തരികമായി വളരെ മോശമായവരും ധാരാളം ദുഷ്ചിന്തകളുമുള്ളവരാണ് തമ്പുരാനേ. യാഅല്ലാഹ്, ഞങ്ങളുടെ ഹൃദയങ്ങളിലുള്ള അഴുക്കുകളെയും മോശമായ ചിന്തകളെയും ദൂരമാക്കേണമേ.

ഞങ്ങളുടെ ഹൃദയങ്ങളിൽ കടന്ന് കൂടിയ കാപട്യത്തെയും കഠിനത്വത്തെയും മാറ്റേണമെ തമ്പുരാനേ. യാഅല്ലാഹ്, ഞങ്ങളുടെ ഹൃദയങ്ങളെ ലോലമാക്കേണമേ. ഞങ്ങളുടെ ഹൃദയങ്ങളെ പ്രാകാശ പൂരിതമാക്കേണമേ. ഞങ്ങളിടെ ഹൃദയങ്ങളെ നിന്റെ സ്മരണകളാൽ നിറക്കേണമേ.

യാഅല്ലാഹ്, ഞങ്ങളുടെ നോട്ടങ്ങളെയും ഹൃദയങ്ങളെയും പരിശുദ്ധമാക്കേണമേ. ഞങ്ങളുടെ നെഞ്ചകങ്ങളെ നിന്റെ പ്രേമത്താൽ നിറക്കേണമേ. നിന്റെ എല്ലാ കൽപനകളും സന്തോശത്തോടെ നിറവേറ്റാൻ നീ സഹായിക്കേണമേ. ഞങ്ങളുടെ എല്ലാ അവയവങ്ങളെയും നിന്റെ ദിക്റിനാൽ ചലിപ്പിക്കേണമേ.

യാഅല്ലാഹ് ഞങ്ങളുടെ വിദ്യാഭാസത്തിലും അമലിലും രിസ്ഖിലും ആരോഗ്യത്തിലും, ഞങ്ങളുടെ ജോലികളിലുമെല്ലാം, ആരംഭത്തിലും അവസാനത്തിലും ബറക്കത് ചൊരിയേണമേ.

യാഅല്ലാഹ്, ഞങ്ങൾ പകലിലും ഇരവിലും ഒറ്റക്കും കൂട്ടായും ചെയ്ത എല്ലാ പാപങ്ങളും നീ മാപ്പാക്കിത്തരേണമേ.

യാഅല്ലാഹ്, ഞങ്ങൾക്ക് ഓർമ്മയുള്ളതും മറന്ന് പോയതുമായ എല്ലാ പാപങ്ങളെയും നീ മാപ്പാക്കിത്തരേണമേ.

യാഅല്ലാഹ്, നേർവഴി ലഭിച്ചതിന് ശേഷം വഴികെടുന്നതിനെ തൊട്ടും കാത്തുരക്ഷിക്കേണമേ. അന്തസ്സ് നൽകിയതിന് ശേഷം ഇളിഭ്യനാകുന്ന അവസ്ഥയെതൊട്ടും നീ കാക്കേണമേ. തമ്പുരാനേ. യാഅല്ലാഹ്, അറിവി ലഭിച്ചതിന് ശേഷം മൂഢതയെ തൊട്ടും നീ കാക്കേണമേ.

യാഅല്ലാഹ്, വഴികേടിൽ നിന്നും പിശാചിന്റെ കുതന്ത്രങ്ങളിൽ നിന്നും വഞ്ചകൻമാരുടെ വഞ്ചനയിൽ നിന്നും സംരക്ഷിക്കേണമേ.

യാഅല്ലാഹ്, ഞങ്ങളുടെ ഭാവികാലത്തെ ഭൂതകാലത്തേക്കാൾ ശ്രേഷ്ടമാക്കേണമേ. യാഅല്ലാഹ്, നിന്റെ റഹ്മത്തിന്റെ തണൽ നീ ഞങ്ങൾക്ക് നൽകേണമേ.

യാഅല്ലാഹ്, ഞങ്ങളുടെ നമസ്കാരങ്ങളിൽ നീ ഭയ ഭക്തിയുണ്ടാക്കേണമേ. ഞങ്ങളുടെ സുജൂദുകളിൽ ഭയ ഭക്തിയുണ്ടാക്കേണമേ. പരിശുദ്ധ ഖുർആൻ ഓതുമ്പോൾ മനഃസമാധാനവും സന്തോഷവും ഉണ്ടാക്കേണമേ. തഹജ്ജുദ് നമസ്കരിക്കുവാനുള്ള ഭാഗ്യത്തെ തരേണമേ. അതിന് ശേഷം നിന്നോട് ഹൃദയം തുറന്ന് ദുആ ചെയ്യുവാനുള്ള ഭാഗ്യം തരേണമേ. ഞങ്ങളുടെ ഈമാനിൽ നീ ദൃഢത നൽകേണമേ .

യാഅല്ലാഹ്, നിന്റെ അടിമകളായ ഞങ്ങൾക്ക് എപ്രകാരം ദുആ ചെയ്യണമോ അപ്രകാരം ദുആ ചെയ്യാൻ അറിയുകയില്ല തമ്പുരാനേ. ഞങ്ങൾ ചോദിക്കാതെ തന്നെ നീ ഞങ്ങൾക്ക് എല്ലാം നൽകേണമേ.

യാഅല്ലാഹ്, ഈ ദുആയിൽ ഞങ്ങൾ നിന്നെത്തന്നെ ചോദിക്കുന്നു നിന്റെ തൃപ്തിയെ ചോദിക്കുന്നു.

യാഅല്ലാഹ് നിന്റെ സാമീപ്യം കനിഞ്ഞരുളേണമേ. നിന്റെ സ്നേഹിതൻമാരിൽ ഉൾപ്പെടുത്തേണമേ.

യാഅല്ലാഹ്, ഞങ്ങളുടെ മേൽ നീ കരുണ കാട്ടേണമേ. നീ സഹതാപം കാട്ടേണമേ. യാഅല്ലാഹ്, ഒരു മാതാവ് തന്റെ കുട്ടികളുടെ ദേഹം അശുദ്ധമായിരിക്കുന്നത് സഹിക്കുകയില്ലല്ലോ അശുദ്ധമായതിന്റെ പേരിൽ അകറ്റുകയില്ലല്ലോ തമ്പുരാനേ. ആ കുട്ടിക്ക് സ്വന്തമായി ഒന്നും ചെയ്യാൻ അറിയുകയില്ലെന്ന് ആ മാതാവിന് അറിയാമല്ലോ തമ്പുരാനേ. എന്റെ പുന്നാര മകൻ എന്നും പറഞ്ഞ് അതിന്റെ അഴുക്കുകളെല്ലാം നീക്കി കുളിപ്പിച്ച് തന്റെ നെഞ്ചോട് ചേർക്കുമല്ലോ തമ്പുരാനേ. യാഅല്ലാഹ്, ഞങ്ങളും പാപങ്ങളാൽ അശുദ്ധമായിക്കിടക്കുന്നു. എന്നാൽ ഞങ്ങൾ നിന്റെ അടിമകളാണല്ലോ അല്ലാഹ്. യാഅല്ലാഹ്, നീ ഞങ്ങളെ വെറുക്കരുതേ തമ്പുരാനേ.

യാഅല്ലാഹ്, നിന്റെ തൃപ്തിയുടെ നോട്ടത്തിൽ നിന്ന് ഞങ്ങളെ അകറ്റരുതേ തമ്പുരാനേ. ഞങ്ങളുടെ മേൽ നിന്റെ റഹ്മത്തിന്റെ നോട്ടം നോക്കേണമേ . യാഅല്ലാഹ്, നിന്റെ റഹ്മത്തുകൾ കൊണ്ട് ഞങ്ങളെ മൂടേണമേ. ഞങ്ങളുടെ മേൽ കരുണ കാട്ടേണമേ.

യാഅല്ലാഹ്, ഞങ്ങൾക്ക് നിന്റെ മഹ്ബൂബ് നബി (സ) നിന്നിലേക്കുള്ള വഴികാണിച്ചുതന്നു.ഈ വഴിയല്ലാതെ വിജയത്തിന് മറ്റൊരു വഴിയും ഇല്ലെന്ന് പറഞ്ഞു തന്നു. യാഅല്ലാഹ്, നിന്നിലേക്കുള്ള വഴിയിൽ നിന്നും ഞങ്ങളെ അകറ്റി വിടരുതേ. യാഅല്ലാഹ്, ഞങ്ങൾ നിന്നോട് മാത്രം ആവലാതി ബോധിപ്പിക്കുന്നു. നിന്റെ തൃപ്തിയെ മാത്രം കാക്ഷിക്കുന്നു. നീ തൃപ്തയടയും വരെ ഞങ്ങൾ നിന്നിലേക്ക് അടുക്കുവാൻ ആശിക്കുന്നു.

യാഅല്ലാഹ്, നീ ഞങ്ങളെ കൊണ്ട് തൃപ്തിയടയേണമേ റഹ്മാനേ. യാഅല്ലാഹ്, കരുണാമയനേ കാരുണ്യവാനേ തൃപ്തിയടയേണമേ. ഞങ്ങളെ കൊണ്ട് നീ പൊരുത്തപ്പെടേണമേ. യാഅല്ലാഹ്, ഒരു സാധാരണ മിസ്കീൻ ഒരു വലിയ സുൽത്താന്റെ വീടിന്റെ വാതിലിൽ നിൽക്കുമ്പോൾ വലിയ വലിയ ആശകൾ വെക്കുമല്ലോ, പ്രതീക്ഷയുടെ കോട്ടകൾ കെട്ടുമല്ലോ തമ്പുരാനേ. ഈ സുൽത്താൻ തന്നെ വെറും കൈയ്യോടെ മടക്കി അയക്കുകയില്ലെന്നുള്ള വിശ്വാസത്തിലാണല്ലോ തമ്പുരാനേ ഈ പ്രതീക്ഷകളത്രയും. യാഅല്ലാഹ്, രാജാക്കൻമാരുടെ രാജാവായുള്ളവനെ, ഞങ്ങളെ നീ വെറും കൈയ്യോടെ മടക്കി അയക്കരുതേ.

യാഅല്ലാഹ്, ഈ ദുആയുടെ ബറക്കത്താൽ ഞങ്ങളെ നരക ശിക്ഷയിൽ നിന്ന് രക്ഷിക്കേണമേ. ഞങ്ങളുടെ തൗബയെ സ്വീകരിക്കേണമേ.

ആമീൻ യാറബ്ബൽ ആലമീൻ!

# അദ്ധ്യായം - 4

## ഹറാമായ നോട്ടം : ദൂഷ്യങ്ങളും പ്രതിവിധികളും

"(നബിയേ) താങ്കൾ സത്യവിശ്വാസികളോട് അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും ഗുഹ്യാവയവയങ്ങൾ കാത്ത് സൂക്ഷിക്കുവാനും പറയുക, അതാണ് അവർക്ക് ഏറെ പരിശുദ്ധമായിട്ടുള്ളത്". (24:30)

"(നബിയേ) താങ്കൾ സത്യവിശ്വാസിനികളോട് അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും ഗുഹ്യാവയവങ്ങൾ കാത്ത് സൂക്ഷിക്കുവാനും പറയുക, അതാണ് അവർക്ക് ഏറെ പരിശുദ്ധമായിട്ടുള്ളത്". (24:31)

മനുഷ്യൻ നിന്ദ്യവും ആഭാസകരവുമായ കാര്യങ്ങളിൽ മുഴുകുന്നതിന്റെ മൂല കാരണം, അവന്റെ കണ്ണുകളെ മോശമായ നോട്ടങ്ങളിൽ നിന്നും സൂക്ഷിക്കാത്തതിനാലാകുന്നു. അത് കൊണ്ട് തന്നെയാണ് മോശമായ നോട്ടങ്ങളെ 'ഉമ്മുൽ ഫവാഹിഷ്' (നീചകൃത്യങ്ങളുടെ മാതാവ്) എന്ന് പണ്ഡിതൻമാർ വിളിക്കുന്നത്. കണ്ണുകൾ ഫിത്നകളെയും ആഭാസത്തരങ്ങളെയും പുറത്തുകൊണ്ട് വരുന്ന ഉറവകളാകുന്നു.ഈ നിലയിൽ ഇന്നത്തെ പെണ്ണുങ്ങൾ അർദ്ധനഗ്നരായി ചുറ്റിത്തിരിയുമ്പോൾ കണ്ണുകൾ മൂലമുണ്ടാകുന്ന ഫിത്നകൾ നാൾക്കുനാൾ വർദ്ധിച്ച് കൊണ്ടിരിക്കുന്നു. ഹസ്രത്ത് ശൈഖുൽ ഹദീസ് സകരിയ്യാ (റഹ്) പറയുന്നു. മോശമായ ദൃഷ്ടി വളരെ അപകടകരമായ രോഗമാകുന്നു. ചിലർക്ക് ആരംഭത്തിൽ ദിക്റ് ചെയ്യുന്നതിന് ആവേശമായിരിക്കും. എന്നാൽ ഈ മോശമായ നോട്ടങ്ങൾ അവനെ ദിക്റിൽ ഉണ്ടായിരുന്ന ആവേശത്തെ യും ഇബാദത്തുകളിൽ ഉണ്ടായിരുന്ന താത്പര്യത്തേയും നശിപ്പിച്ച് കളയുന്നതാണ്. അതിന് ശേഷം അത് പതുക്കെ പതുക്കെ നല്ല അമലുകൾ ചെയ്യുന്നതിനെ തൊട്ടും അവനെ തടുക്കുന്നതാണ്.

ശൈഖ് വാസ്വിതി (റഹ്) പറയുന്നു: അല്ലാഹു ഒരു മനുഷ്യനെ നിന്ദ്യനാക്കുന്നതിനെ ഉദ്ദേശിച്ചാൽ സൗന്ദര്യമുള്ള മുഖങ്ങളെ നോക്കുന്ന ശീലത്തെ അവന് ഉണ്ടാക്കുന്നതാണ്. അണിഞ്ഞൊരുങ്ങി ചുറ്റിക്കറങ്ങുന്ന പെണ്ണുങ്ങളും അവരെ ഇച്ഛയോടെ നോക്കുന്ന ആണുങ്ങളും അല്ലാഹുവിന്റെ കോപത്തിന് പാത്രമായിത്തീരുന്നതാണ്. അതിഭയങ്കരമായ തീപിടുത്തം ചെറിയ തീപ്പൊരി മൂലം ഏർപ്പെടുന്നത് പോലെ

വൻപാപങ്ങൾ മോശമായ നോട്ടം മൂലം ഉണ്ടാകുന്നു. നാം നമ്മുടെ കണ്ണുകൾക്ക് മൂടിയിടാതിരുന്നാൽ നമ്മുടെ ഹൃദയങ്ങളുടെ മേൽ മൂടി ഇടപ്പെടുന്നതാണ്. മോശമായ നോട്ടങ്ങളിൽ നിന്നും ഒഴിഞ്ഞ് നിൽക്കുന്ന ചില വഴികളെ ശൈഖുമാർ തങ്ങളുടെ ആത്മീയ ശിഷ്യൻമാർക്ക് പറഞ്ഞുകൊടുത്തിട്ടുണ്ട്. അവയിൽ ചിലത് നമുക്ക് പരിശോധിക്കാം പരിശീലിക്കാം.

1. വഴികളിൽ ചെല്ലുമ്പോൾ കണ്ണുകളെ വളരെ താഴ്ത്തി പോകേണ്ടതാണ്. തന്റെ അരികിലൂടെ പോകുന്നവർ ആണോ പെണ്ണോ എന്ന് പാദം വെച്ച് മാത്രം മനസ്സിലാക്കുന്ന അവസ്ഥയിൽ പോകേണ്ടതാണ്.

2. സൂപ്പർ മർക്കറ്റുകൾ, ടിക്കറ്റ് കൗണ്ടറുകൾ പോലെയുള്ള ഇടങ്ങളിൽ പുരുഷൻമാർ ഉള്ള സ്ഥലങ്ങൾ മാത്രം തിരഞ്ഞെടുക്കുക.ഇതുമൂലം സ്ത്രീകളോട് സംസാരിക്കുന്നത് ഒഴിവാക്കാവുന്നതാണ്.

3. സ്ത്രീകളോട് സംസാരിക്കേണ്ട അവസ്ഥയുണ്ടായാൽ പരസ്പരം കലഹിച്ചിരിക്കുന്ന രണ്ട് സുഹൃത്തുക്കൾ സംഭാഷണം നടത്തുന്നത് പോലെ മുഖത്തേക്ക് നോക്കാതെ സംസാരിക്കുക.

4. വഴിയോരങ്ങളിൽ പതിച്ചിരിക്കുന്ന സിനിമാ പോസ്റ്ററുകളിലേക്ക് നോക്കാതിരിക്കുക.

5. വാഹനത്തിൽ പോകുമ്പോൾ സമീപത്തുള്ള വാഹനങ്ങളിൽ യാത്രചെയ്യുന്ന സ്ത്രീകളെ നോക്കാതിരിക്കുക.

6. സ്വന്തം വീടായിരുന്നാലും അന്യ സ്ത്രീകൾ ഉള്ളിൽ ഇരുന്നാൽ അവർ തങ്ങളെ മറച്ച്കൊള്ളുവാൻ ആവശ്യപ്പെട്ടതിന് ശേഷം മാത്രം ഉള്ളിൽ പ്രവേശിക്കുക.

7. മറ്റ് വീടുകളിൽ പോകുമ്പോൾ കതകിന് നേരെ നിൽക്കാതിരിക്കുക.

8. ആണുങ്ങളും പെണ്ണുങ്ങളും കൂടിയിരിക്കുന്ന ഇടങ്ങളിലേക്ക് ഒരിക്കലും പോകാതിരിക്കുക. പെണ്ണുങ്ങളുടെ പോക്കുവരവ് കുറഞ്ഞ വഴികൾ യാത്രക്കായി തെരഞ്ഞെടുക്കുക.

9. വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ പോകുന്നത് കഴിവതും ഒഴിവാക്കുക. ഇനി അങ്ങനെയുള്ള സ്ഥലങ്ങളിൽ പോകാനുദ്ദേശിച്ചാൽ തിരക്ക് കുറവുള്ള ദിവസങ്ങൾ തെരഞ്ഞെടുക്കുക.

10. ബസ്, ട്രെയിൻ, വിമാനം പോലുള്ളതിൽ യാത്ര ചെയ്യുമ്പോൾ ഇസ്ലാമിക ഗ്രന്ഥങ്ങൾ കയ്യിൽ കരുതുക

11. സ്ത്രീകളുടെ ചിത്രങ്ങൾ, ടി.വി പോലുള്ളവ വെക്കപ്പെട്ട ബസ്-റെയിൽവേ സ്റ്റേഷനുകളിൽ കാത്തിരിക്കുമ്പോൾ നമ്മുടെ കണ്ണുകളെ സൂക്ഷിക്കുക. അവകളിലേക്ക് മുതുക് തിരിച്ചിരിക്കുക.

12. ആവശ്യമില്ലാതെ ഇന്റർനെറ്റ്-മൊബൈൽ ഉപയോഗിക്കാതിരിക്കുക.

13. വീട്ടിൽ ഒരിക്കലും ഒറ്റക്കോ ജോലികളൊന്നുമില്ലാതെയോ കഴിഞ്ഞുകൂടരുത്.

14. ലേഡീസ് കോളേജുകൾ, ഹോസ്റ്റലുകൾ മറ്റുമുള്ള പ്രദേശങ്ങളിൽ പോകുന്നത് ഒഴിവാക്കുക.

15. വിവാഹിതരാണെങ്കിൽ തന്റെ ഭാര്യയെ എല്ലാവിധത്തിലും സന്തോഷപ്പെടുത്തുക.

16. കഅ്ബയെ ത്വവാഫ് ചെയ്യുന്ന സന്ദർഭത്തിൽ പാദങ്ങളെ കാണുന്നരീതിയിൽ മാത്രം കണ്ണുകളെ താഴ്ത്തിനടക്കുക. കഴിവതും കണ്ണുകളെ ഉയർത്താതിരിക്കുക.

17. അന്യ സ്ത്രീകളെ നോക്കുന്നതിനാലുള്ള ശിക്ഷകളെപ്പറ്റി ഇടക്കിടെ ചിന്തിക്കുക. അന്യപെണ്ണുങ്ങളെ നോക്കുന്നവന്റെ കണ്ണിൽ മലക്കുകൾ ഈയം ഉരുക്കി ഒഴിക്കുന്നതാണെന്നും കൂർത്ത മുനയുള്ള കമ്പികളാൽ കണ്ണിൽ കുത്തുന്നതാണെന്നും ചില കിതാബുകളിൽ എഴുതിയിരിക്കുന്നു.

19. അന്യ സ്ത്രീയെ നോക്കിയാൽ തനിക്കുള്ള ശിക്ഷയായി ഇരുപത് റക്അത് നമസ്കരിക്കുമെന്ന് പ്രതിജ്ഞയെടുക്കുക. അപ്രകാരം ഒരു വട്ടം നോക്കിയാൽ ഇരുപത് റകഅത് നമസ്കരിക്കുക. ഇൻഷാഅല്ലാഹ്, ചുരുങ്ങിയ ദിനങ്ങളിൽ നിങ്ങളുടെ നോട്ടങ്ങളെ നിയന്ത്രിക്കാൻ സാധിക്കുന്നതാണ്.

20. എല്ലാ അറബി മാസവും 13, 14, 15 ദിവസങ്ങളിലും, തിങ്കൾ വ്യാഴം ദിവസങ്ങളിലും നോമ്പു വെക്കുക. ഈ നോമ്പുകൾ വെച്ചിട്ടും മോശമായ നോട്ടങ്ങളിൽ നിന്നും കണ്ണുകളെ സൂക്ഷിക്കാൻ കഴിഞ്ഞില്ലെങ്കിൽ ദാവൂദ് നബി (അ)യുടെ നോമ്പുപോലെ ഓരോ ദിവസം ഇടവിട്ട് നോമ്പനുഷ്ഠിക്കുക.

21. താഴെകാണുന്ന തസ്ബീഹ്, രാവിലെയും വൈകുന്നേരവും 100 പ്രാവശ്യം വീതം പതിവാക്കുക:

لا مرغوبي إلاّ الله ، لا مطلوبي إلاّ الله، لا محبوبي إلاّ الله، لا إله إلاّ الله

(എന്റെ ഇഷ്ടൻ അല്ലാഹുവാകുന്നു. ഞാൻ തേടുന്നത് അല്ലാഹുവിനെയാകുന്നു. എന്റെ പ്രിയൻ അല്ലാഹുവാകുന്നു. ആരാധനക്കർഹൻ അല്ലാഹുവല്ലാതെ മറ്റാരുമില്ല)

22.ദിവസവും തഹജ്ജുദ് നമസ്കാരം പതിവാക്കുകയും ശേഷം അല്ലാഹുവിനോട് ഇപ്രകാരം ദുആ ചെയ്യുക: യാ അല്ലാഹ്, പാപങ്ങളിൽ നിന്നും ഒഴിഞ്ഞ് നിൽക്കുന്നതിന് എനിക്ക് വലിയ ബുദ്ധമുട്ടനുഭ

വപ്പെടുന്നു. എന്നാൽ പാപങ്ങളിൽ അകപ്പെടാതെ എന്നെ സംരക്ഷിക്കുന്നതിന് നിനക്ക് വളരെ എളുപ്പമാണല്ലോ തമ്പുരാനേ. എന്റെ ഹൃദയത്തെ നീ പരിശുദ്ധമാക്കേണമേ. എന്റെ നോട്ടങ്ങളെ നീ പരിശുദ്ധപ്പെടുത്തേണമേ.എന്ന് അല്ലാഹുവിനോട് കേണപേക്ഷിക്കുക.

മോശമായ നോട്ടങ്ങളിൽ നിന്നും തന്റെ കണ്ണുകളെ സൂക്ഷിച്ച് ജീവിച്ച മനുഷ്യന് നാളെ ഖിയമാത് നാളിൽ രണ്ട് ഉയർന്ന ബഹുമതികൾ ലഭിക്കുന്നതാണ്.

1. ഹറാമായ നോട്ടങ്ങളിൽ നിന്നും കണ്ണുകളെ താഴ്ത്തിയ ഓരോ സന്ദർഭങ്ങൾക്കും പകരമായി അല്ലാഹുവിനെ കാണുന്നതിനുള്ള ഭാഗ്യം ലഭിക്കും.

2. നാളെ ആഖിറത്തിൽ കരയുന്നതിനെ തൊട്ടും ആ കണ്ണുകൾ സംരക്ഷിക്കപ്പെടും.

# گناهون كي نقصانات

علاّمة شيخ ذالفقار أحمد نقشبندي

# തിന്മകളുടെ ദൂഷ്യ ഫലങ്ങൾ

ശൈഖ് ദുൽഫിഖാർ അഹ്മദ് നഖ്ശബന്ദി

പാപപങ്കിലമായ ജീവിതം മൂലം ആത്മീയ പ്രകാശത്തിന്റെ തിരികളണഞ്ഞ് ആത്മാവ് അന്ധകാരനിബിഡമായി മൃതിയടയുമ്പോൾ മനുഷ്യന് പടച്ചവനുമായുള്ള ബന്ധത്തിൽ വിള്ളലുകൾ ഏർപ്പെടുന്നു. അതുമൂലം പരലോകത്തുണ്ടാകാനിരിക്കുന്ന നാശ നഷ്ടങ്ങൾക്കു പുറമേ ജീവിതൈശ്വര്യവും മനസമാധാനവും നഷ്ടമാകുന്നു. ജീവിതം ദുരിതപൂർണ്ണമാകുന്നു. തന്റെ എല്ലാ പ്രശ്നങ്ങളുടെയും കാരണം താൻ ചെയ്തുകൂട്ടിയ പാപങ്ങളാണെന്നുള്ള കാര്യം വിസ്മരിക്കുന്ന മനുഷ്യൻ പ്രശ്നപരിഹാരമറിയാതെ നിരാശയുടെയും ഇരുലോക നഷ്ടങ്ങളുടെയും ആപത്കയങ്ങളിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്നു.

"ആര് തിന്മയും പ്രവർത്തിക്കുന്നുവോ അവൻ അതിന്റെ ഫലം അനുഭവിക്കുന്നതാണ്" എന്ന അല്ലാഹുവിന്റെ പ്രസ്താവന പാപങ്ങളാൽ മലീമസമായ മനുഷ്യ ജീവിതങ്ങളിലൂടെ യാഥാർത്ഥ്യമാകുന്നു. ഇന്ന് നാം കാണുന്ന അശാന്തിയും അക്രമണങ്ങളും അസഹിഷ്ണുതകളുമെല്ലാം തന്നെ അവന്റെ കൈകൾ സമ്പാദിച്ചുകൂട്ടിയതല്ലാതെ മറ്റൊന്നുമല്ല.

പാപങ്ങൾ മനുഷ്യജീവിതത്തിൽ ഉണ്ടാക്കുന്ന പ്രതിഫലനങ്ങളേയും ദൂഷ്യങ്ങളേയും പറ്റിയുള്ള സൂക്ഷ്മമായ നിരീക്ഷണങ്ങളും പരിഹാരങ്ങളും വശ്യവും ലളിതവുമായ ശൈലിയിൽ ആത്മീയ ഗുരുവര്യനായ ശൈഖ് ദുൽഫിഖാർ അഹ്മദ് നഖ്ശബന്ദി

പ്രസിദ്ധീകരണം

സയ്യിദ് ഹസനി അക്കാദമി

ഓച്ചിറ, കൊല്ലം, കേരള

www.thauba.com email: sayyidhasanioachira@gmail.com